# ദി ഡിഫെൻഡർ

Vol. No. 10 Issue No. 4 RNI Reg. No. 68089 / 97 Published From Perumbavoor 2007 FEBRUARY 16 Price: Rs.100/- P.A.


# പെരുമ്പെട്ടി പ്രശ്നം: കേസ്സിൽ ഐ.പി.സി തോറ്റു

പെരുമ്പെട്ടി ഐ.പി.സിയുമായി ബന്ധപ്പെട്ട് ഉണ്ടായ കേസ്സിൽ ഐ.പി.സിക്ക് ദയനീയ പരാജയം. ടി.എസ്.ഏബ്രഹാം പെരുമ്പെട്ടി ഐ.പി.സി പാസ്റ്ററായ ഏബ്രഹാം ഷാജിക്കെതിരെ എടുത്ത നടപടികൾ കോടതി സ്റ്റേ ചെയ്തു.

ഐ.പി.സിക്കെതിരെ കേസ്സ് കൊടുത്തതുകൊണ്ട് ഏബ്രഹാം ഷാജിക്ക് ഐ.പി.സിയുടെ പ്രാഥമിക അംഗത്വം ഉൾപ്പെടെ എല്ലാം നഷ്ടമായെന്നും അതുകൊണ്ട് ഏബ്രഹാം ഷാജി ഇപ്പോൾ പാസ്റ്റർ അല്ലെന്നും പെരുമ്പെട്ടി ഐ.പി.സിക്ക് പാസ്റ്ററില്ലാതായതിനാൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും മറ്റും പ്രഖ്യാപിച്ചുകൊണ്ട് ടി.എസ്. ഏബ്രഹാം പുറപ്പെടുവിച്ച കത്തിൽ സ്റ്റേറ്റ് കൗൺസിൽ തുടർന്നടപടി സ്വീകരിക്കുന്നത് കോടതി തടഞ്ഞിരിക്കയാണ്. ഫലത്തിൽ ഏബ്രഹാം ഷാജിക്ക് വിജയം. ടി.എസ്.ഏബ്രഹാമിനും ഐ.പി.സിക്കും പരാജയം.

ഏതാനും വർഷം മുൻപുവരെ ഏബ്രഹാം ഷാജി ടി.എസ്. ഏബ്രഹാമിന് പ്രിയപ്പെട്ടവനായിരുന്നു. ആപത്തിൽ സഹായിക്കാനെത്തിയ ദൂതനായിരുന്നു. ബംഗ്ലാവിൽ ഏതു നേരത്തും കടന്നുചെല്ലനുള്ള അനുവാദവുമുള്ളവനായിരുന്നു. പക്ഷേ അതൊക്കെ ഇപ്പോൾ പഴങ്കഥകൾ മാത്രം.

കുളത്തൂപ്പുഴ സംഭവത്തേക്കുറിച്ച് ഡിഫെൻഡർ എഴുതാൻ തുടങ്ങിയതോടെയാണ് ഈ പ്രശ്നങ്ങളെല്ലാം ആരംഭിച്ചത്. കെ.സി.ജോണുമായി സഹകരിച്ചാണ് ബാലൻ ഇങ്ങനെയെല്ലാം എഴുതുന്നതെന്നും തെരഞ്ഞെടുപ്പിൽ ടി.എസ്.ഏബ്രഹാമിനെ അട്ടിമറിച്ച് അധികാരം കൈയ്യടക്കുകയാണ് കെ.സി. ജോണിന്റെ ലക്ഷ്യമെന്നും ഒരു ധാരണ പരന്നിരുന്നു. ടി.എസ്. ഏബ്രഹാമിന്റെ വ്യഭിചാര കഥകൾ ഡിഫെൻഡറിന് പറഞ്ഞുകൊടുത്തത് കെ.സി.ജോൺ ആണെങ്കിലും കെ.സി.ജോണിനുവേണ്ടിയായിരുന്നില്ല ഡിഫെൻഡർ പ്രവർത്തിച്ചിരുന്നത്. അശുദ്ധർക്കെതിരെ പ്രതികരിക്കുക എന്നത് ഡിഫെൻഡറിന്റെ പ്രഖ്യാപിത നയമാണ്. ടി.എസ്.ഏബ്രഹാമിനെതിരെ പ്രതികരിച്ചത് ഈ കാരണത്താലത്രേ. കെ.സി.ജോണിന്റെ ദുർന്നടപ്പിനേക്കുറിച്ച് അറിഞ്ഞപ്പോൾ ഡിഫെൻഡർ അതും എഴുതിയെന്നോർക്കുക.

ഏതായാലും കെ.സി. ജോണിൽ നിന്നും ടി.എസ്.ഏബ്രഹാമിനെ രക്ഷിക്കുക എന്ന ദൗത്യം കെ.പി.കുര്യനും ഏബ്രഹാം ഷാജിയും ഏറ്റെടുത്തു. ഡോ.ജോർജ് തോമസ് അവർക്ക് എല്ലാവിധ സഹായവും നൽകി.

ടി.എസ്.ബാലനും ഡിഫെൻഡറിനും എതിരെ അവർ സർവ്വശക്തിയും സമാഹരിച്ച് പോരാടി. ഒയാസ്സിസ്, കരിസ്മ, മില്ലെനിയം വോയിസ് തുടങ്ങിയ പത്രങ്ങൾ പ്രസിദ്ധീകരിക്കുകയും ടി.എസ്.ബാലനെതിരെ അവർ വിവിധ കോടതികളിലായി നിരവധി കേസ്സുകൾ കൊടുക്കുകയും ചെയ്തു. ഇന്റർനെറ്റ് കേസ്സിലും ഇവർ സജീവമായി ഇടപെട്ടു. ഈ വിഷയങ്ങളേക്കുറിച്ചെല്ലാം ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ വിശദമായി എഴുതിയിട്ടുണ്ടല്ലോ.

ടി.എസ്.ഏബ്രഹാം ബുദ്ധിമുട്ടിലായിരുന്ന കാലത്ത് സഹായവുമായി എത്തിയ കെ.പി.കുര്യനേയും ഏബ്രഹാം ഷാജിയേയും ആവശ്യം കഴിഞ്ഞപ്പോൾ ടി.എസ്.ഏബ്രഹാം കറിവേപ്പില പോലെ ഉപേക്ഷിച്ചു. നിസ്സാര കാര്യങ്ങൾ ഊതിപ്പെരുപ്പിച്ച് വലിയ വിഷയമായി അവതരിപ്പിച്ച് ഇരുവരേയും ഐ.പി.സിയിൽ നിന്നും പുറത്താക്കി.

ഐ.പി.സിയിൽ നിന്നും തന്നെ പുറത്താക്കിയത് ചോദ്യം ചെയ്ത് കെ.പി.കുര്യൻ കൊടുത്ത കേസ്സ് ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. ആ കേസ്സിൽ ഐ.പി.സി വിജയിക്കുമെന്ന് ടി.എസ്.ഏബ്രഹാമിന് പ്രതീക്ഷയില്ലാത്തതുകൊണ്ട് കെ.പി.കുര്യന്റെ സഭയിൽ പിളർപ്പുണ്ടാക്കി മറ്റൊരു സഭ ഉണ്ടാക്കുകയും അതാണ് സാക്ഷാൽ സഭ എന്ന് പ്രഖ്യാപിക്കയും ചെയ്തിരിക്കയാണിപ്പോൾ.

ഏബ്രഹാം ഷാജി ശുശ്രൂഷിക്കുന്ന പെരുമ്പെട്ടി സഭ പിടിച്ചെടുക്കാൻ സെന്റർ പാസ്റ്ററായ കെ.കെ.ചെറിയാന്റെ നേതൃത്വത്തിൽ നടന്ന ശ്രമം പരാജയപ്പെട്ടപ്പോൾ അവിടെയും സഭ പിളർത്തി മറ്റൊന്ന് ഉണ്ടാക്കിയിട്ടുണ്ട്.

കോടതിവിധി അനുകൂലമായതോടെ സഭാഹാളിൽ ആരാധന നടത്താൻ ഏബ്രഹാം ഷാജി ഫെബ്രുവരി 11ന് നടത്തിയ ശ്രമം സഭാനേതാക്കൻമാരുടെ ഗുണ്ടകൾ തടഞ്ഞു. സഭാഹാളിൽ ആരാധന നടത്തിയാൽ കൊലപാതകം നടക്കും എന്നായിരുന്നു ഭീഷണി. എന്തും സംഭവിക്കാം എന്ന സ്ഥിതിയാണ് ഈ കുറിപ്പ് എഴുതുമ്പോൾ പെരുമ്പെട്ടിയിലുള്ളത്.

## കെ.സി. വീണ്ടും കേസ്സ് കൊടുത്തു

ഐ.പി.സി പ്രസിഡന്റായ കെ.സി.ജോൺ കൊടുത്ത കേസ്സുമായി ബന്ധപ്പെട്ട വിഷയങ്ങളേക്കുറിച്ച് അന്വേഷിക്കുന്നതിന് ഹാജരാകാൻ ആവശ്യപ്പെട്ട് പോലീസ് പെരുമ്പെട്ടി ഐ.പി.സിയുടെ പാസ്റ്ററായ ഏബ്രഹാം ഷാജിക്ക് കത്തുകൊടുത്തതായി അറിയാൻ കഴിഞ്ഞു. കെ.സി. ജോൺ എന്തുതരം കേസ്സാണ് ഏബ്രഹാം ഷാജിക്കെതിരെ കൊടുത്തതെന്ന് ഈ ലക്കം ഡിഫെൻഡർ പ്രസ്സിൽ കൊടുക്കുന്നതുവരെ അറിവായിട്ടില്ല. എങ്കിലും ഐ.പി.സിയുടെ പ്രസിഡന്റ് ഐ.പി.സിയിലെ ഒരു പാസ്റ്റർക്കെതിരെ പോലീസിൽ കേസ്സ് കൊടുത്തു എന്നതാണ് പ്രാധാന്യമുള്ള വിഷയം.

കേസ്സ് കൊടുത്തു എന്ന കുറ്റം ചുമത്തിയാണ് ഏബ്രഹാം ഷാജിക്കെതിരെ ടി.എസ്.ഏബ്രഹാം നടപടി എടുത്തത്. പക്ഷേ ഇപ്പോൾ ഐ.പി.സി പ്രസിഡന്റ് തന്നെ കേസ്സ് കൊടുത്തിരിക്കുന്നു. നേതാവിനെതിരെ കേസ്സ് കൊടുത്താൽ നരകത്തിൽ പോകും. നേതാവ് കേസ്സ് കോടുത്താലോ? അത് പുണ്യപ്രവൃത്തി.

ഐ.പി.സി ഒന്നാംതരം ഒരു വെള്ളരിക്കാപ്പട്ടണമാണ് എന്ന് തെളിയിക്കുന്ന സംഭവങ്ങളാണ് അനുദിനം പെരുമ്പെട്ടിയിൽ നടക്കുന്നത്. ഇത് എങ്ങനെ കലാശിക്കുമെന്ന് കണ്ടറിയണം.

## പാസ്റ്റർ ജോസ് അതുല്യയെ കെ.സി.ജോൺ വഞ്ചിച്ചു

പവ്വർ വിഷന്റെ ചെയർമാനും ഐ.പി.സിയുടെ പ്രസിഡന്റുമായ കെ.സി.ജോൺ പാസ്റ്റർ ജോസ് അതുല്യയോട് വിശ്വാസ വഞ്ചന നടത്തിയതായി പരാതി ഉയർന്നിരിക്കുന്നു. പവ്വർ വിഷനിൽ പ്രസംഗിക്കാൻ അമിതമായി ഫീസ് ഇടാക്കിയും പ്രോഗ്രാം നടത്തുന്ന സമയം മുന്നറിയിപ്പില്ലാതെ മാറ്റിയും പ്രോഗ്രാം സംപ്രേക്ഷണം ചെയ്യാതിരുന്നും ഒക്കെ കബളിപ്പിച്ചതായയാണ് പരാതി.

ആഴ്ചയിൽ ഒരിക്കലാണ് പാസ്റ്റർ ജോസ് അതുല്യ പവ്വർ വിഷനിൽ പരിപാടി അവതരിപ്പിക്കുന്നത്. അതിന് കൃത്യമായ ദിവസവും സമയവും മുൻകൂട്ടി പറഞ്ഞ് തീരുമാനിക്കയും ചെയ്തിരുന്നു. എന്നാൽ ഒരുവിധത്തിലുള്ള മുന്നറിയിപ്പും കൂടാതെ കെ.സി.ജോൺ സമയക്രമം പലവട്ടം മാറ്റി. സ്ഥിരമായി പരിപാടി കണ്ടുകൊണ്ടിരുന്ന പ്രേക്ഷകർക്ക് ഇത് ഏറെ ബുദ്ധിമുട്ടുണ്ടാക്കി. ഏതു സമയത്താണ് പരിപാടി സംപ്രേക്ഷണം ചെയ്യുന്നതെന്ന് അറിയിപ്പ് കൊടുക്കാൻ പോലും കെ.സി. ജോൺ തയ്യാറായില്ല.

പ്രോഗ്രാം സംപ്രേക്ഷണം ചെയ്യുന്നതിനുള്ള ഫീസും കെ.സി. ജോൺ ഏകപക്ഷീയമായി കൂട്ടി. ഉയർന്ന ഫീസ് കെ.സി.ജോൺ നിശ്ചയിച്ച സമയത്ത് അടച്ചില്ല എന്ന കാരണം പറഞ്ഞ് പരിപാടി സംപ്രേക്ഷണം ചെയ്യാതിരിക്കുകവരെ ചെയ്തു. ഒരുതരം ശത്രുതാഭാവത്തോടെയാണ് കെ.സി.ജോൺ ജോസ് അതുല്യയോട് പെരുമാറുന്നത്.

പരിപാടികൾ നടത്തുന്നതിന്റെ ഫീസ് അടയ്ക്കുമ്പോൾ ലഭിക്കുന്ന രസീത് സംശയം ജനിപ്പിക്കുന്നതാണ്. ഫാസായിട്ടാണ് പണം നൽകുന്നതെങ്കിലും സംഭാവന നൽകിയതായയാണ് രസീതിൽ രേഖപ്പെടുത്തുന്നത്. ഏതോ വിധത്തിൽ സർക്കാരിനെ കബളിപ്പിക്കാനുള്ള തന്ത്രമാണിത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ പ്രശ്നങ്ങളേക്കുറിച്ച് ഡിഫെൻഡർ അന്വേഷണം നടത്തിവരുന്നു. കൂടുതൽ വിവരങ്ങൾ വരും ലക്കങ്ങളിൽ പ്രതീക്ഷിക്കുക.

## കെ.പി.യോഹന്നാന്റെ കൺവെൻഷന് പെന്തക്കോസ്ത് പ്രസംഗകർ എത്തിയില്ല

പെന്തക്കോസ്ത് പ്രസംഗകരെ വിളിച്ച് ബിലീവേഴ്സ് ചർച്ചിന്റെ കൺവെൻഷന് പ്രസംഗിപ്പിച്ച് പെന്തക്കോസ്തരുടെ ഇടയിൽ പ്രശ്നമുണ്ടാക്കാനുള്ള കെ.പി.യോഹന്നാന്റെ തന്ത്രം പാളി. രണ്ടുംകെട്ട ഒരു പ്രസംഗകനൊഴികെയുള്ള പെന്തക്കോസ്ത് പ്രസംഗകരാരും എത്തിയില്ല.

ഐ.പി.സിയിലെ അംഗമായിരുന്ന കെ.പി.യോഹന്നാൽ സി.എസ്.ഐ ബിഷപ്പിന്റെ കൈവെയ്പ്പ് വാങ്ങി ബിഷപ്പായതോടെയാണ് പ്രശ്നങ്ങൾ ആരംഭിച്ചത്. ളോഹയും കൈമുത്തലും ഉൾപ്പെടെയുള്ള എല്ലാ പാഗൺ പരിപാടികളും കെ.പി.യോഹന്നാൻ സ്വീകരിച്ചു. ഇതുമായി പൊരുത്തപ്പെടാനാകാതെ ജേക്കബ് ടി. ആന്റണി ഉൾപ്പെടെയുള്ള ദൈവദാസൻമാർ കെ.പി യോഹന്നാന്റെ പ്രസ്ഥാനം വിട്ടു.

ഏറെ താമസിയാതെ കെ.പി.യോഹന്നാൻ ആർച്ച് ബിഷപ്പായി സ്വയം പ്രഖ്യാപിച്ചു. കൂടാതെ കുറെ ആജ്ഞാനുവർത്തികളെ ബിഷപ്പുമാരാക്കുകയും ചെയ്തു. സാധാരണക്കാരായ പാസ്റ്റർമാരെ ളോഹ ധരിപ്പിച്ച് അച്ചൻമാരുമാക്കി. അങ്ങനെ ബിലീവേഴ്സ് ചർച്ച് എല്ലാ വിധത്തിലും ഒരു പട്ടത്വ സഭയായി.

ഏച്ചു കെട്ടിയാൽ മുഴച്ചിരിക്കും എന്നു പറഞ്ഞതുപോലെ കെ.പി.യോഹന്നാന്റെ ഏച്ചുകെട്ട് അംഗീകരിക്കാൻ മറ്റ് പട്ടത്വ സഭകൾ തയ്യാറായില്ല. കെ.പി.യോഹന്നാനെ ബിഷപ്പായും അവർ അംഗീകരിക്കുന്നില്ല. പട്ടത്വ സഭകൾക്കെതിരെ ശക്തമായ നിലപാടെടുക്കുന്ന പെന്തക്കോസ്ത് സഭകൾ കൂടി കൈവിട്ടതോടെ കെ.പി.യോഹന്നാന്റെ പ്രസ്ഥാനം ഒറ്റപ്പെട്ടു. എങ്കിലും ആവശ്യത്തിലേറെ പണമുള്ളതുകൊണ്ട് പിടിച്ചുനിൽക്കാൻ കഴിയുന്നു.

എങ്ങനെയെങ്കിലും പെന്തക്കോസ്ത് പ്രസ്ഥാനവുമായി വീണ്ടും അടുക്കണം എന്നൊരു മോഹം ഈയിടെയായി കെ.പി. യോഹന്നാനെ പിടികൂടിയിട്ടുണ്ട്. അതിനുള്ള ഒരു തന്ത്രം എന്ന നിലയിലാണ് അറിയപ്പെടുന്ന പെന്തക്കോസ്ത് പ്രസംഗകരെ ജനറൽ കൺവെൻഷന് പ്രസംഗിക്കാൻ വിളിച്ചത്. ദ്രവ്യാഗ്രഹികളായ ചില പെന്തക്കോസ്ത് പ്രസംഗകർ ഡേറ്റ് കൊടുക്കുകയും ചെയ്തു. പക്ഷേ പെന്തക്കോസ്ത് വിശ്വാസികൾ ഈ പ്രസംഗകർക്കെതിരെ തിരിഞ്ഞു. കെ.പിയുടെ യോഗത്തിൽ പ്രസംഗിച്ചാൽ പെന്തക്കോസ്ത് വിശ്വാസികൾ എതിരാകും എന്ന് ബോദ്ധ്യമായതോടെ പ്രസംഗകർ പ്രോഗ്രാം ക്യാൻസൽ ചെയ്തു. കെ.പിയുടെ മോഹം പൂവണിഞ്ഞതുമില്ല.

## വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ ഇപ്പോൾ ഡി.വി.ഡി ഫോർമാറ്റിലും ലഭിക്കുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിയിരിക്കുന്ന എം.പി.3 സി.ഡികൾ ഇപ്പോൾ ഡി.വി.ഡി ഫോർമാറ്റിലും ലഭിക്കുന്നതാണ്. ഡി.വി.ഡി പ്ലെയർ ഉള്ളവർക്ക് ഈ സി.ഡികൾ ഉപയോഗിക്കാൻ കഴിയും. വിലയിൽ മാറ്റമില്ല. ഡി.വി.ഡി ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം അറിയിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ എട്ടാം പേജിൽ.

Internet: www.tsbalan.com Email: tsbalan@yahoo.com Mobile: 94474 14608. Annual Subscription: Rs. 100/-

ദി ഡിഫെൻഡർ
Vol. No.10 Issue No. 4 2007 February 16

# പ്രവാചകൻമാരെ അകറ്റിനിർത്തണം

പ്രവാചകൻമാരുടേയും പ്രവചനങ്ങളുടേയും കാലം കഴിഞ്ഞെന്നും ഇപ്പോൾ ദൈവം ആർക്കും ദർശനവും വെളിപ്പാടും മറ്റും കൊടുക്കുകയില്ലെന്നും പഠിപ്പിക്കുന്ന വ്യക്തികളും പ്രസ്ഥാനങ്ങളുമുണ്ട്. എന്നാൽ ദൈവവചനം അങ്ങനെ പറയുന്നില്ല. പൗലോസിനേപ്പോലെ നാമും കണ്ണാടിയിൽ കടമൊഴിയായി കാണുകയാണ്. നമ്മുടെ ജ്ഞാനം പരിമിതമാണ്. ഭാവി കാണുവാനും എല്ലാ ഭാഷകളും തിരിച്ചറിയാനും കഴിവു തരുന്ന പൂർണ്ണമായ ജ്ഞാനം നമുക്ക് ലഭിക്കുന്നതുവരെ പ്രവചനവും മറ്റും ഈ ലോകത്തുണ്ടാകും.

നല്ലനോട്ട് ഉള്ളപ്പോൾ കള്ളനോട്ടും ഉണ്ടാകും. കള്ളനോട്ട് ഉള്ളത് നല്ലനോട്ട് ഉണ്ട് എന്നതിന്റെ തെളിവാണ്. കള്ള പ്രവാചകൻമാർ ഉള്ളത് നല്ല പ്രവാചകൻമാർ ഉണ്ട് എന്നതിന് തെളിവാണ്. പക്ഷേ കള്ള നാണയങ്ങൾ നല്ല നാണയങ്ങളെ പുറത്താക്കുന്നു എന്ന സാമ്പത്തികശാസ്ത്ര സിദ്ധാന്തം ഇവിടേയും പ്രസക്തമാണ്. ദൈവസഭയിലെ കള്ള നാണയങ്ങൾ നല്ല നാണയങ്ങളെ പുറത്താക്കുന്നു.

നിന്റെ സ്ഥിതി കിലുക്കത്തിലെ ജഗതിയുടേതുപോലെയാകും എന്നു പ്രവചിക്കുന്നത് ഏതായാലും ദൈവാത്മാവാകയില്ല. നിന്റെ പ്രശ്നങ്ങൾ എല്ലാമൊന്നും എനിക്കറിഞ്ഞുകൂടാ എന്ന് പ്രവചിക്കുന്ന ആത്മാവ് സർവ്വജ്ഞനായ ദൈവത്തിന്റെ ആത്മാവും ആയിരിക്കില്ല. ഇവരെയൊക്കെ പ്രവാചകൻമാരായി എഴുന്നെള്ളിച്ചുകൊണ്ടു നടക്കുന്നവരെയോർത്ത് ദു:ഖിക്കുകയേ വഴിയുള്ളൂ.

കള്ളപ്രവചനത്തെ ഒരു പെന്തക്കോസ്ത് സംഘടന ഔദ്യോഗികമായി അംഗീകരിക്കുന്ന കാഴ്ചയും നാം ഈയിടെ കണ്ടു. പതിന്നാല് വർഷം കഴിയുമ്പോൾ ഇന്ത്യ ക്രിസ്ത്യൻ രാഷ്ട്രമാകും എന്ന് ഒരു മഠത്തിലമ്മയ്ക്ക് ദർശനം കിട്ടിയത്രേ. ഇതുപോലൊരു ദർശം പണ്ട് ടി.ജെ.ശാമുവലിനും കിട്ടിയിരുന്നു. രണ്ടിന്റേയും ആത്മാവ് ഒന്നാണെന്ന് വ്യക്തം. പക്ഷേ ഈ ആത്മാവിനെ എ.ജിയിലുള്ള ദൈവമക്കളുടെമേൽ അടിച്ചേൽപ്പിക്കുന്നത് എതിർക്കപ്പെടേണ്ടതാണ്.

പെന്തക്കോസ്തുകാർ ദൈവവചനത്തിലേക്ക് മടങ്ങി വരണം. ഉന്തിവീഴ്ത്ത്, ഊതിവീഴ്ത്ത്, വിശുദ്ധ ഛർദ്ദി, വിശുദ്ധ ചിരി, വിശുദ്ധ കുര, കഴപ്രവചനം തുടങ്ങി എന്തു വിവരക്കേട് ഉണ്ടായാലും ആദ്യം അത് ഏറ്റെടുക്കുന്നത് എ.ജിയാണ്. പിന്നാലെ ചർച്ച് ഓഫ് ഗോഡും ഉണ്ടാകും. ഈ സ്ഥിതി മാറണം. എ.ജി തെറ്റു തിരുത്തണം. കള്ളപ്രവാചകരെ പുറത്താക്കാനുള്ള ധൈര്യം എ.ജിയിലെ ദൈവമക്കൾക്ക് ഉണ്ടാകണം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ
വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

ഭരണം കൈയ്യിൽ കിട്ടിയതോടെ സി.പി.ഐ.(എം.)ന്റെ കാര്യം ബഹു കഷ്ടമായിരിക്കയാണ്. പ്രശ്നങ്ങൾ ഒഴിഞ്ഞ നേരമില്ല. മാവോ മൂത്തത്, മാങ്ങാണ്ടിയോ മൂത്തത് എന്ന തർക്കം അനന്തമായി തുടരുന്നു. കേരളത്തിലെ നമ്പർ വൺ പിണറായിയാണെന്നും മുഖ്യമന്ത്രി വെറും മണ്ണാങ്കട്ടയാണെന്നും ഒരു മന്ത്രിതന്നെ പറയുന്നിടത്തു വന്നു നിൽക്കുന്നു കാര്യങ്ങൾ. ജനം ഇതെല്ലാം കണ്ടുകൊണ്ടിരിക്കയാണെന്ന് സഖാക്കൾ ഓർത്താൽ നന്ന്.

അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിന് മുൻപായി എൻ.സി.പി ഏതെങ്കിലും ഒരു മുന്നണിയിൽ അംഗമായിരിക്കും എന്ന് പുത്രൻജി പറയുന്നു. ഏതെങ്കിലും ഒന്ന് എന്നു പറയുമ്പോൾ ആദർശം വളച്ചാൽ വളയുന്നതാണെന്ന് വ്യക്തം. എല്ലാ രാഷ്ട്രീയക്കാരുടേയും സ്വഭാവം അതായതുകൊണ്ട് എൻ.സി.പിയെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഏതു മുന്നണിയിലാകും എൻ.സി.പി അംഗമാകുക. എൽ.ഡി.എഫിലേക്ക് മടങ്ങിപ്പോകാൻ കഴിയുമോ? സാധിക്കുമെന്ന് തോന്നുന്നില്ല. പിന്നെ അവശേഷിക്കുന്നത് യു.ഡി.എഫ് ആണ്. എൻ.സി.പിയെ യു.ഡി.എഫിൽ എടുക്കില്ല എന്ന് രമേശ് ചെന്നിത്തല വ്യക്തമാക്കിക്കഴിഞ്ഞു. കഴിഞ്ഞ തെരഞ്ഞെടുപ്പിലൂടെ പാഠം പഠിച്ചതുകൊണ്ട് യു.ഡി.എഫ് വാക്കു മാറുമെന്നും തോന്നുന്നില്ല. അതുകൊണ്ട് എൻ.സി.പിയുടെ ഭാവി ഇരുളടഞ്ഞതാകാനാണ് സാദ്ധ്യത.

നിത്യോപയോഗ സാധനങ്ങളുടെ വില അഞ്ചു ശതമാനം കുറയ്ക്കും എന്ന് മുഖ്യമന്ത്രി പറഞ്ഞു. പക്ഷേ മുഖ്യമന്ത്രിയുടെ വില മാത്രമേ കുറഞ്ഞുള്ളൂ എന്നതാണ് വാസ്തവം. വാങ്ങിയതിൽ കൂടുതൽ വിലയ്ക്ക് വിറ്റാൽ മാത്രമേ കച്ചവടക്കാരന് ലാഭം കിട്ടൂ. അങ്ങനെയിരിക്കെ കച്ചവടക്കാർ എങ്ങനെ വില കുറച്ച് കൊടുക്കും? വെറുമൊരു പ്രഖ്യാപനം കൊണ്ട് വില കുറച്ചുകളയാം എന്ന് മുഖ്യമന്ത്രി മനക്കോട്ട കെട്ടിയത് ഏതായാലും അസ്സലായി.

പാലോളി മുഹമ്മദ്കുട്ടി മിതഭാഷിയാണ്. പക്ഷേ ഒരാവേശത്തിന് ചിലതൊക്കെ പറഞ്ഞുപോയി. അത് ഇത്ര വലിയ പുലിവാലാകുമെന്ന് കരുതിയില്ല. ഇനി പറഞ്ഞിട്ട് ഫലമില്ലല്ലോ. അനുഭവിക്കുക തന്നെ.

കമ്യൂണിസ്റ്റുകാർ ദൈവവിശ്വാസികളായിരിക്കരുത് എന്നാണ് ചട്ടം. പക്ഷേ നേതാക്കൻമാരുടെ ഭാര്യമാർക്ക് ദൈവവിശ്വാസം ആകാം. ഇ.എം.എസ്സ്, നായനാർ തുടങ്ങിയ പ്രമുഖരുടെയെല്ലാം ഭാര്യമാർ ദൈവവിശ്വാസികളായിരുന്നു. അവർ തങ്ങളുടെ ഭക്തി ഉപയോഗിച്ച് പ്രാർത്ഥനയും വഴിപാടും ഒക്കെ നടത്തി ഭർത്താക്കൻമാരെ രക്ഷിക്കയും ചെയ്തിരുന്നു. പക്ഷേ ഇത്തരമൊരു പ്രശ്നത്തിൽ ഇപ്പോൾ കോടിയേരി ആടി ഉലയുകയാണ്. ഈ വസ്തുതയേക്കുറിച്ച് അന്വേഷിക്കാൻ ധൈര്യം കാട്ടിയ രണ്ടു സഖാക്കൾ പാർട്ടിക്ക് പുറത്താകുകയും ചെയ്തു. ദൈവങ്ങളുടെ പേരിൽ ഇത്രയുമൊക്കെ പൊല്ലാപ്പുണ്ടാകുമെന്ന് മാർക്സ് പോലും പ്രതീക്ഷിച്ചിരിക്കയില്ല.

സമുദായക്കേസിന്റെ കാര്യത്തിൽ കരയ്ക്കുകൂടിയും വയ്യ, വെള്ളത്തിൽക്കൂടിയും വയ്യ എന്ന സ്ഥിതിയിലാണ് സർക്കാർ. മെത്രാൻ കക്ഷിയെ സഹായിച്ചാൽ ബാവ കക്ഷി പിണങ്ങും. ബാവയെ സഹായിച്ചാൽ മെത്രാൻ പിണങ്ങും. രണ്ടു കൂട്ടരേയും ഒന്നിച്ച് സഹായിക്കാൻ ഒരു മാർഗ്ഗവുമില്ലതാനും. പക്ഷേ ഇരുപക്ഷത്തിന്റേയും വോട്ട് എൽ.ഡി.എഫിന് വേണം. അതുകൊണ്ട് ആരേയും പിണക്കാൻ ആഗ്രഹവുമില്ല. എന്തുചെയ്യും.

സീസറിന്റെ ഭാര്യ സംശയത്തിന് അതീത ആയിരിക്കണം എന്നാണല്ലോ ചൊല്ല്. പക്ഷേ ചീഫ് ജസ്റ്റീസിന്റെ ഭാര്യയ്ക്കും ഈ നിയമം ബാധകമാണെന്ന് ഇപ്പോഴാണ് മനസ്സിലായത്. കോടികൾ വിലമതിക്കുന്ന സ്വത്ത് ഒരു ജസ്റ്റീസിന്റെ ഭാര്യ വളഞ്ഞ വഴിയിലൂടെ കൈക്കലാക്കുന്നു. ആ അരമനരഹസ്യം പിന്നീട് അങ്ങാടിപ്പാട്ടാകുന്നു. അത് ജസ്റ്റീസിന്റെ പ്രമോഷനെത്തന്നെ ബാധിക്കുന്നു. ഇതൊക്കെ പുതുമയുള്ള കാര്യം തന്നെയാണ്. ഉണ്ടായിരുന്ന ചീഫ് ജസ്റ്റീസിനെ പിള്ളേർ പ്രതീകാത്മകമായിട്ടാണെങ്കിലും നാടുകടത്തിയ സാഹചര്യത്തിൽ അപവാദത്തിൽ മുങ്ങിക്കുളിച്ച ജസ്റ്റീസ് ഇങ്ങോട്ടു വരാതിരിക്കയാണ് ബുദ്ധി.

ആത്മീയ ലോകത്ത് സീസറിന്റെ ഭാര്യയെന്നല്ല സീസർ പോലും അരോപണത്തിന് അതീതനായിരിക്കണമെന്നില്ല. എന്തു തോന്ന്യാസം കാട്ടിയാലും ആരും ചോദിക്കില്ല. മോഷ്ടിക്കാം, വ്യഭിചരിക്കാം, എന്തു തറവേലയും കാണിക്കാം. (എന്തതിശയമേ).

എങ്ങനെയെങ്കിലും പതിന്നാലു വർഷം കഴിഞ്ഞുകിട്ടിയാൽ മതി എന്ന ചിന്തയിലാണ് പെന്തക്കോസ്തിലെ ചില മണ്ടശ്ശിരോമണികൾ. കാരണം, 2020 ആകുമ്പോഴേക്കും ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമാകും. ഇന്ത്യയുടെ പ്രധാനമന്ത്രിയും പ്രസിഡന്റും മറ്റും ക്രിസ്ത്യാനികളായിരിക്കും. പക്ഷേ ഒരു സംശയം: ക്രിസ്ത്യാനികൾ എന്നു പറയുമ്പോൾ രക്ഷിക്കപ്പെട്ടവർ ആയിരിക്കണം എന്ന് നിർബ്ബന്ധമുണ്ടോ?

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# ഷർട്ട് ഇൻ ചെയ്താൽ നരകത്തിൽ പോകും

ഷർട്ട് ഇൻ ചെയ്താൽ നരകത്തിൽ പോകുമോ? പോകുമെന്ന് വല്യ സഭയുടെ സംസ്ഥാന നേതാവ് പറയുന്നു. പറയുക മാത്രമല്ല ഷർട്ട് ഇൻ ചെയ്ത് വന്നവരേക്കൊണ്ട് ഷർട്ട് പുറത്തെടുപ്പിക്കയും ചെയ്തു ഈ നേതാവ്.

സംഭവം നടന്നത് എറണാകുളം ജില്ലയിലുള്ള ഒരു സ്ഥലത്താണ്. വല്യ സഭയുടെ ഒരു സെന്ററിന്റെ കൺവെൻഷൻ സമാപിക്കുകയാണ്. വിദേശ മലയാളികൾ അടക്കം പലരും പങ്കെടുക്കുന്നുണ്ട്. അപ്പോഴാണ് നേതാവിനെ വിശുദ്ധി ബാധിച്ചത്.

ഷർട്ട് ഇൻ ചെയ്യുക എന്നത് ലോകത്തിലെ ഏറ്റവും വലിയ പാപമാണെന്നും ഇൻ ചെയ്ത് എത്തിയവരെല്ലാം ഷർട്ട് എടുത്ത് പുറത്തിടണമെന്നും നേതാവ് വിധിച്ചു. ''പോടാ തൃണമേ'' എന്ന് പറയാനുള്ള ധൈര്യം ആർക്കും ഉണ്ടായില്ല. എല്ലാവരും അനുസരിച്ചു.

ബൈബിളിൽ എവിടെയാണ് ഇതിന് ആധാരമായുള്ള വാക്യം ഉള്ളത് എന്ന് നേതാവ് പറഞ്ഞില്ല. ഇതിന് വാക്യം വേണമെന്നും ഇല്ലല്ലോ. നേതാവിന് തോന്നി. ഏതു വാക്യത്തേക്കാളും വലുതാണല്ലോ ആ തോന്നൽ. വചനപരിജ്ഞാനമില്ലാത്ത വിശ്വാസികൾക്ക് അനുസരിക്കാൻ ഇത്രയുമൊക്കെ മതി.

ആണ്ടിൽ രണ്ടുവട്ടമെങ്കിലും വിദേശയാത്ര ചെയ്യുന്ന ആളാണ് ഈ നേതാവ്. വിദേശത്തു ചെല്ലുമ്പോൾ ഈ നിയമം വിഴുങ്ങും. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ചെല്ലുമ്പോഴും ഇൻ പ്രശ്നം നഹി. പക്ഷേ സ്വന്തം തട്ടകത്തിൽ നേതാവ് ശിങ്കമായി വെളിപ്പെടും. ആരവിടെ? ഇൻ ഔട്ടാകട്ടെ.

ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കാതെ നേതൃസ്ഥാനങ്ങളിൽ എത്തിയവരാണ് പെന്തക്കോസ്ത് നേതാക്കളിൽ ഭൂരിപക്ഷവും. ഇത്തരക്കാർക്ക് മനസ്സിൽ തോന്നുന്നതെല്ലാം ദൈവവചനമാണ്. അത് ചോദ്യം ചെയ്യാതെ മറ്റുള്ളവർ അനുസരിച്ചുകൊള്ളണം. അനുസരിച്ചില്ലെങ്കിൽ സഭയിൽ നിന്ന് പുറത്താക്കും.

## അച്ചൻകുഞ്ഞിന് പ്രതികരണമില്ലേ?

ക്രൈസ്തവ വിശ്വാസ സംരക്ഷകന്റെ വേഷം സ്വയം അണിഞ്ഞ് ഞെളിഞ്ഞ് നടന്നിരുന്ന അച്ചൻകുഞ്ഞ് ഇലന്തൂർ നിലവിളക്ക് പ്രശ്നത്തിൽ മൗനവ്രതം സ്വീകരിച്ചു. ഒസ്താത്തിയോസ് ഒന്ന് തുമ്മിയാൽ അതും വിവാദമാക്കിയിരുന്ന അച്ചൻകുഞ്ഞിന് സ്വന്തം സഭയുടെ നേതാവ് കാട്ടിക്കൂട്ടിയ കൊള്ളരുതായ്മയ്ക്കെതിരെ ശബ്ദിക്കാൻ ധൈര്യമുണ്ടായില്ല. അണ്ണാക്കിൽ പുഴുത്താൽ നുണഞ്ഞിറക്കുകയല്ലേ നിവൃത്തിയുള്ളൂ. നട്ടെല്ലിന്റെ സ്ഥാനത്ത് വാഴപ്പിണ്ടിയുള്ളവർ പത്രപ്രവർത്തനവുമായി ഇറങ്ങിയാൽ ഇങ്ങനെ പലതും നടക്കും.

## കള്ളനെ സ്വീകരിക്കാൻ പെരുമ്പാവൂർ റെഡി

അടുത്തയാഴ്ച പെരുമ്പാവൂരിൽ എത്തുന്ന കെ.സി. ജോൺ എന്ന കള്ളനെ സ്വീകരിക്കാൻ ഡിഫെൻഡറും പെരുമ്പാവൂർ നഗരവും തയ്യാറെടുത്തു കഴിഞ്ഞു. ഗോസ്പൽ അൻ ആക്ഷൻ ഫെലോഷിപ്പിന്റെ ജൂബിലി സമ്മേളനവുമായി ബന്ധപ്പെട്ടാണ് ചുമ്മാ ഡോ ഡോ ഡോ കെ. സി.ജോൺ പെരുമ്പാവൂരിൽ എത്തുന്നത്. കെ.സി.ജോണിന്റെ ചരിത്രം വിവരിക്കുന്ന നാല് പേജ് സപ്ലിമെന്റ് ഡിഫെൻഡർ തയ്യാറാക്കി വെച്ചിട്ടുണ്ട്. യോഗം ആരംഭിക്കുന്ന ദിവസം അത് പെരുമ്പാവൂരിൽ വിതരണം ചെയ്യും.

# തങ്കു വിളയാട്ടം: കോടികൾ പൊടിച്ചിട്ടും ഫലം നാസ്തി

ചുമ്മാഡോ തങ്കുവും സംഘവും കോടികൾ പൊടിച്ച് എറണാകുളത്ത് നടത്തിയ വിക്രിയകൾ നിഷ്ഫലമായി. നൂറു കണക്കിന് അത്ഭുതം നടന്നു എന്ന് പ്രചരണമുണ്ടായെങ്കിലും നേരിൽ കണ്ട് ബോദ്ധ്യപ്പെടാൻ കഴിയുന്ന ഒരു അത്ഭുതവും നടന്നതായി അറിവില്ല.

ചെറുതും വലുതുമായ ഒട്ടേറെ പോസ്റ്ററുകൾ, ബാനറുകൾ, ഫ്ളക്സുകൾ തുടങ്ങിയവ നഗരത്തിൽ എമ്പാടും സ്ഥാപിച്ചിരുന്നു. ചില ഫ്ളക്സുകൾക്ക് 20,000 രൂപ വരെ ചെലവായി. എല്ലായിടത്തും തങ്കു ദൈവവും തോമസ്കുട്ടി ദൈവവും പുഞ്ചിരി തൂകി നിന്നിരുന്നു. ലക്ഷക്കണക്കിന് ആളുകൾ പങ്കെടുക്കുമെന്ന് പ്രചരണമുണ്ടായിരുന്നെങ്കിലും പ്രതീക്ഷിച്ചിരുന്നതിന്റെ പത്തിൽ ഒന്ന് ജനം പോലും യോഗത്തിന് എത്തിയില്ല.

തങ്കുവിന്റെ യോഗങ്ങളിൽ ദൈവവചനത്തിന് കാര്യമായ സ്ഥാനമൊന്നും ഇല്ല. എറണാകുളത്തും ഇതുതന്നെ സംഭവിച്ചു. ദൈവ വചനം പറഞ്ഞു എന്ന് വരുത്തിത്തീർക്കാനായി എന്തൊക്കെയോ പറഞ്ഞശേഷം രോഗശാന്തിയിലേക്ക് കടന്നു. തലവേദന, വയറ്റിൽ വേദന, മനപ്രയാസം തുടങ്ങി പുറമെ കാണാൻ കഴിയാത്ത അസുഖങ്ങളാണ് സൗഖ്യമായത്. രോഗമുണ്ടായിരുന്നു എന്നും രോഗം മാറി എന്നും പലരും സാക്ഷ്യം പറഞ്ഞു. പക്ഷേ ഊരും പേരും ഇല്ലാത്തവർ പറഞ്ഞ സാക്ഷ്യങ്ങളിൽ എത്രത്തോളം കഴമ്പുണ്ട് എന്ന് പരിശോധിക്കാനുള്ള ഒരു സംവിധാനവും ഉണ്ടായിരുന്നില്ല.

പകൽ സമയത്ത് ശാപം പൊട്ടിക്കൽ പരിപാടിയും ഉണ്ടായിരുന്നു. രക്ഷിക്കപ്പെട്ടിട്ടും പൊട്ടാത്ത ശാപങ്ങൾ തങ്കുവും തോമസ്കുട്ടിയും ചേർന്ന് പൊട്ടിച്ചു. അങ്ങനെ കർത്താവിനേക്കാൾ വലിയവരാണ് ഇവർ എന്ന് തെളിഞ്ഞു. ഇതൊക്കെ കണ്ടും കട്ടും ഹാലേലൂയ്യാ പറയാൻ ഒട്ടേറെ വിഡ്ഢികൾ എറണാകുളത്തും ഉണ്ടായിരുന്നു. അവർ ഇപ്പോൾ തങ്കു വിന്റേയും തോമസ്കുട്ടിയുടേയും മഹത്വം പാടിക്കൊണ്ടിരിക്കുന്നു.

ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ മനസ്സില്ലാത്തവരെ ദൈവം നികൃഷ്ടബുദ്ധിക്ക് ഏല്പിക്കും എന്ന വാക്യത്തിന്റെ പൊരുൾ അറിയാൻ തങ്കുവിന്റെ യോഗത്തിൽ എന്തു നടക്കുന്നു എന്ന് കണ്ടാൽ മതി എന്നാണ് വചനപരിജ്ഞാനമുള്ളവർ ഇപ്പോൾ പറയുന്നത്.

# റ്റി. എസ്. ഏബ്രഹാമിന്റെ ഖേദം ശുദ്ധ തട്ടിപ്പ്

നിലവിളക്ക് പ്രശ്നം ഗുരുതരമാകും എന്ന് വ്യക്തമായപ്പോൾ ടി.എസ്.ഏബ്രഹാം ഒരു പ്രസ്താവന പുറപ്പെടുവിച്ചു:

''ജനുവരിമാസം 24-ാം തീയതി ബുധനാഴ്ച മാരാമണ്ണിൽ വൈ.എം.സി.എ സംസ്ഥാന ജൂബിലി എക്യുമെനിക്കൽ സംഗമം ഞാനും ബഹുമാന്യനായ ഡോ. ഗീവർഗീസ് മാർ കൂറീലോസ് തിരുമേനിയും ചേർന്ന് ഉദ്ഘാടനം ചെയ്യുന്ന ചിത്രം മലയാള മനോരമയിൽ കണ്ടിട്ട് സഭയേയും ഞങ്ങളേയും സ്നേഹിക്കുന്ന പലർ ഫോണിലും നേരിലും അന്വേഷിച്ചതിനാലാണ് ഈ പ്രസ്താവന പ്രസിദ്ധീകരിക്കുന്നത്.

''മാരാമൺ വൈ.എം.സി.എയിൽ നടന്ന ജൂബിലി എക്യുമെനിക്കൽ സംഗമ ഉദ്ഘാടന മീറ്റിംഗിലേക്ക് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ഓക്സിലറി പ്രസിഡന്റ് ആയ എന്നെ ക്ഷണിക്കുകയും ഞാൻ സംബന്ധിക്കുകയും ചെയ്തിരുന്നു. സംഗമം ഉദ്ഘാടനം ചെയ്യേണ്ടിയിരുന്ന ബിഷപ്പ് എത്താതിരുന്നതിനാൽ മേൽപ്പറഞ്ഞ തിരുമേനിയും ഞാനും ചേർന്ന് സംഗമം ഉദ്ഘാടനം ചെയ്യുമെന്ന് എന്റെ അനുവാദം കൂടാതെ സംഘാടകർ പരസ്യമായി പ്രഖ്യാപിച്ചപ്പോൾ ആ പൊതുവേദിയിൽ പെട്ടെന്ന് ഒഴിയാൻ വയ്യാത്ത സാഹചര്യം ആയതിനാൽ ആ ഉദ്ഘാടന നിർവ്വഹണത്തിൽ ഞാനും കൂടി സഹകരിക്കേണ്ടിവന്നു.

''ദീപം കൊളുത്തി എന്തിന്റെയെങ്കിലും ആരംഭം കുറിക്കുന്നത് വേർപെട്ട ജനത്തിനില്ല എന്ന നിലപാടുതന്നെയാണ് ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ഇനിയും തുടരേണ്ടത്.

''ഈ ഉദ്ഘാടനത്തേക്കുറിച്ച് പത്രത്തിൽ വന്ന ചിത്രവും വാർത്തയും സഭാജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള തെറ്റിദ്ധാരണയിലും ബുദ്ധിമുട്ടിലും ഞാൻ ഖേദിക്കുന്നു.''

ഹായ്, എത്ര വിശുദ്ധനായ മനുഷ്യൻ എന്ന് ആരും പറഞ്ഞു പോകും. പക്ഷേ ഈ പ്രസ്താവനയിൽ ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികൾ ദൈവജനം കാണാതെ പോകരുത്.

1. എക്യുമെനിക്കൽ പരിപാടിക്ക് പോയത് തെറ്റായിപ്പോയി എന്ന് ടി. എസ്.ഏബ്രഹാം പറയുന്നില്ല.
2. നിലവിളക്ക് കൊളുത്തിയത് തെറ്റായിപ്പോയി എന്ന് പറയുന്നില്ല.
3. നിലവിളക്കു കൊളുത്തിയ സംഭവം പത്രത്തിലൂടെ മാലകർ അറിഞ്ഞതിൽ മാത്രമേ ടി.എസ്.ഏബ്രഹാമിന് ഖേദമുള്ളൂ.

ചുരുക്കത്തിൽ, ആരും അറിയാതെ എന്തു തോന്ന്യാസവും കാണിക്കാം. ആരെങ്കിലും അറിയുന്നത് മാത്രമാണ് ഖേദകരം.

## സുരേഷ് റോസമ്മയുടെ സ്വന്തം പ്രസംഗകൻ

സുരേഷിനെ റോസമ്മയ്ക്ക് ശരിക്കും ഇഷ്ടപ്പെട്ടിരിക്കുന്നു. കൊള്ളാം. ആണുങ്ങളായാൽ..... അതായത് പ്രസംഗകരായാൽ ഇങ്ങനെ വേണം. ഒന്നാംതരം പെർഫോമൻസ്. ശരിക്കും കത്തിക്കയറുകയല്ലേ. ഇത്ര കഴിവുള്ള ഒരാളെ ആദ്യമായാണ് റോസമ്മ കാണുന്നത്.

സുരേഷിന്റെ പ്രസംഗം റോസമ്മയ്ക്ക് ശരിക്കും ബോധിച്ചതുകൊണ്ട് പ്രസംഗം കഴിഞ്ഞിട്ടും സുരേഷിനെ പിരിയാൽ റോസമ്മയ്ക്ക് കഴിഞ്ഞില്ല. അതുകൊണ്ട് നദീതീര റിസോർട്ടിൽ ഒന്നിച്ചായിരുന്നു രാപാർപ്പ്. അതിൽ തെറ്റുണ്ടോ? അശ്ലേഷമില്ല. ഏതായാലും അടുത്ത വർഷത്തെ കൺവെൻഷനു റോസമ്മ സുരേഷിനെ ബുക്ക് ചെയ്തു കഴിഞ്ഞു. ഇത്രയുമൊക്കെ പറയുമ്പോൾ സ്വാഭാവികമായും ഒരു ചോദ്യം ഉയരുന്നു: റോസമ്മയുടെ ഭർത്താവായ ബഞ്ചമിൻ ഇതൊക്കെ കണ്ടിട്ട് പ്രതികരിക്കുന്നില്ലേ? പൊന്നു മാളോരേ, ശവങ്ങൾ പ്രതികരിച്ചതായി ചരിത്രരേഖകളിൽ പോലും കാണുന്നില്ല.



# ഫറവോന്റെ പശുവും ഇന്ത്യയിലെ ഉണർവ്വും

ഫറവോൻ കണ്ട സ്വപ്നവും ദൈവസഭയും തമ്മിൽ എന്തു ബന്ധം? ഒരു ബന്ധവുമില്ല എന്ന് പറയാൻ വരട്ടെ. ചിലരുടെയൊക്കെ തിയോളജി തന്നെ ഇപ്പോൾ ഫറവോന്റെ സ്വപ്നത്തിൽ അധിഷ്ഠിതമാണ്. സംഭവം എന്തെന്ന് ചുരുക്കി പറയാം.

ഫറവോൻ പണ്ട് രണ്ടു തരം സ്വപ്നം കണ്ടു. രണ്ട് സ്വപ്നങ്ങളുടേയും അർത്ഥം ഒന്നു തന്നെ. അത് യോസെഫ് വിശദീകരിച്ചു കൊടുക്കുകയും ചെയ്തു. ദേശത്ത് ഏഴു വർഷം സമൃദ്ധിയുണ്ടാകും. അതുകഴിഞ്ഞ് ഏഴു വർഷം കഠിനമായ ക്ഷാമമുണ്ടാകും. സ്വപ്നത്തിന്റെ അർത്ഥം പറഞ്ഞത് യോസെഫ് ആയതുകൊണ്ട് ഫറവോൻ യോസെഫിന് ഉന്നത അധികാരങ്ങൾ കൊടുക്കുകയും ചെയ്തു. സ്വപ്നം യഥാസമയം നിവൃത്തിയായി എന്നും ദൈവവചനം വ്യക്തമാക്കുന്നു.

നാലായിരത്തോളം വർഷം മുൻപ് നിവൃത്തിയായ ആ പ്രവചനം പിന്നീട് എപ്പോഴെങ്കിലും ആവർത്തിച്ചതായി അറിവില്ല. ആവർത്തിക്കുമെന്ന് ദൈവവചനം പറയുന്നുമില്ല. പക്ഷേ ഈ സ്വപ്നം 2007 മുതൽ ഇന്ത്യയിൽ ആവർത്തിക്കുമെന്നെന്നത്രെ ചിലർ ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നത്. 2007 മുതൽ ഏഴു വർഷത്തേക്ക് ഇന്ത്യയിൽ ആത്മീക ഉണർവ്വ് ഉണ്ടാകുമെന്നും അതു കഴിഞ്ഞുള്ള ഏഴു വർഷം കഠിനമായ പീഡ ഉണ്ടാകുമെന്നും ചിലരോട് ദൈവം പറഞ്ഞത്രേ. അങ്ങനെ 14 വർഷം കഴിയുന്നതോടെ ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമാകും. സംഗതി കൊള്ളാം. പക്ഷേ ഇത് പമ്പര വിഡ്ഢിത്തമാണെന്ന് മനസ്സിലാക്കാൻ അതീന്ദ്രിയ ജ്ഞാനമൊന്നും വേണ്ട, വെറും കോമൺ സെൻസ് മതി.

നാം കണ്ടുകഴിഞ്ഞതുപോലെ ഈ സ്വപ്നം 21-ാം നൂറ്റാണ്ടിലെ ഇന്ത്യയിൽ സംഭവിക്കുവാനുള്ളതല്ല മറിച്ച് നാലു സഹസ്രാബ്ദത്തോളം മുൻപ് മിസ്രയീമിൽ സംഭവിച്ചു കഴിഞ്ഞതാണ്. ഈ സ്വപ്നത്തിന് ഇന്ത്യയുമായി ഒരു ബന്ധവുമില്ല.

അക്ഷരാർത്ഥത്തിലുള്ള സമൃദ്ധിയും ക്ഷാമവുമാണ് ഈ സ്വപ്നത്തിൽ പറയുന്നത്. അത് അക്ഷരാർത്ഥത്തിൽത്തന്നെ സംഭവിച്ചു എന്ന് ദൈവവചനം വ്യക്തമാക്കുന്നുമുണ്ട്. അതുകൊണ്ട് ഇതിന് ആത്മീക അർത്ഥം കൊടുത്ത് വ്യാഖ്യാനിക്കുന്നതി ശുദ്ധ വിവരക്കേടാണ്.

സുവിശേഷവുമായോ ദൈവവേലയുമായോ ഈ സ്വപ്നത്തിന് ബന്ധമില്ല. ഉണർവ്വ് ഉണ്ടാകുകയോ ഉണ്ടാകാതിരിക്കയോ ചെയ്യുന്നത് ഈ സ്വപ്നവുമായി ബന്ധപ്പെട്ട കാര്യമല്ല.

ഈ സ്വപ്നം 21-ാം നൂറ്റാണ്ടിലേക്കുള്ളതാണെന്ന് ഒരു വാദത്തിനുവേണ്ടി സമ്മതിച്ചാലും പ്രയോജനമില്ല. കാരണം ഇത് ഇന്ത്യയുമായോ സുവിശേഷവുമായോ ഉണർവ്വുമായോ ബന്ധപ്പെട്ട കാര്യമല്ല. കൂടാതെ, ഈ 14 വർഷം എന്നത് ഏതു ദിവസം മുതൽ കണക്കു കൂട്ടണമെന്നും പറയാനാവില്ല.

സ്വപ്നം അനുസരിച്ച് ഏഴു വർഷം സമൃദ്ധി ഉണ്ടാകും. 2007 മുതൽ ഏഴു വർഷത്തേക്ക് ഇന്ത്യയിൽ ഉണർവ്വുണ്ടാകും എന്നാണ് ഇതിന്റെ അർത്ഥമെന്നാണ് വാദം. അത് ശരിയാണെങ്കിൽ തുടർന്നുള്ള ഏഴു വർഷം ക്ഷാമമാണ്. മെലിഞ്ഞ പശുക്കൾ തടിച്ച പശുക്കളെ തിന്നുകളഞ്ഞതുപോലെ ഏഴു വർഷത്തെ ഉണർവ്വുകൊണ്ടുണ്ടാകുന്ന എല്ലാ ഫലവും 2014 മുതലുള്ള ഏഴു വർഷം കൊണ്ട് നഷ്ടമാകും. അങ്ങനെയെങ്കിൽ ആദ്യത്തെ ഏഴു വർഷം കൊണ്ട് ക്രിസ്ത്യാനികൾ ആയവർ അടുത്ത ഏഴു വർഷംകൊണ്ട് നശിച്ചുപോകും. ശങ്കരൻ വീണ്ടും തെങ്ങിന്റെ മകളിലാകും.

അടുത്ത 14 വർഷം കൊണ്ട് ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമാകും എന്നത്രേ പ്രവചനം. ഇപ്പോൾ ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ എണ്ണം കഷ്ടിച്ച് മൂന്നുകോടിയാണ്. ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമാകണമെങ്കിൽ 14 വർഷം കൊണ്ട് കുറഞ്ഞപക്ഷം അൻപതുകോടിയുടെ വർദ്ധനവ് ഉണ്ടാകണം. അതായത്, വർഷം തോറും മൂന്നരക്കോടി ആളുകൾ ക്രിസ്ത്യാനികളാകണം. ഈ കണക്ക് ശരിയാണെങ്കിൽ ഒരു ദിവസം ഏകദേശം ഒരുലക്ഷം ആളുകൾ രക്ഷിക്കപ്പെടണം.

2007 ആരംഭിച്ചിട്ട് ഇപ്പോൾ 50 ദിവസം കഴിഞ്ഞിരിക്കുന്നു. ഈ വർഷം 50 ലക്ഷം ആളുകൾ ഇതിനോടകം ഇന്ത്യയൊട്ടുക്ക് രക്ഷിക്കപ്പെട്ടു കഴിഞ്ഞിരിക്കണം. അതു സംഭവിച്ചോ? ഇല്ല എന്നു പറയാൻ രണ്ടുവട്ടം ആലോചിക്കേണ്ടതില്ല. അൻപതു ലക്ഷത്തിന്റെ നൂറിൽ ഒരംശമായ അൻപതിനായിരം അക്രൈസ്തവർ കഴിഞ്ഞ 50 ദിവസംകൊണ്ട് ക്രിസ്ത്യാനികളായിക്കഴിഞ്ഞോ? അതുമില്ല. ഈ പ്രവചനം ശുദ്ധ ഭോഷ്ക്കാണെന്നതിന് ഇതിൽപ്പരം മറ്റൊരു തെളിവെന്തിന്?

വിവരദോഷികൾ ഇതിന് ചില ന്യായങ്ങളൊക്കെ നിരത്തുമെന്നറിയാം. അതുകൊണ്ട് അതിനും മറുപടി പറയട്ടെ:

ഉണർവ്വ് ഇപ്പോൾ ആരംഭിച്ചിട്ടേയുള്ളൂ. അതുകൊണ്ടാണ് ഇപ്പോൾ ഏറെ ആളുകൾ രക്ഷിക്കപ്പെടാത്തത്. വരും വർഷങ്ങളിൽ ഉണർവ്വ് ശക്തമാകും. അപ്പോൾ ദിവസം ഒരുലക്ഷം പേരല്ല അതിലും അധികം ആളുകൾ രക്ഷിക്കപ്പെടും. ഏലിയാവ് മഴയുണ്ടാകുമെന്ന് പറഞ്ഞയുടനെ മഴ ഉണ്ടായില്ല. മഴയുടെ ലക്ഷണം പോലും ഉണ്ടായില്ല. എന്നാൽ കൈപ്പത്തിപോലെ ചെറിയ ഒരു മേഘം ഏറെനേരം കഴിഞ്ഞ് പ്രത്യക്ഷമായി. ഏതാനും നിമിഷങ്ങൾക്കകം മഴയുമുണ്ടായി. അതുപോലെയാണ് ഇന്ത്യയിൽ ഉണ്ടാകുന്ന ഉണർവ്വും. അദ്യമൊന്നും ഉണർവ്വിന്റെ ലക്ഷണം പോലും കാണില്ല. പക്ഷേ വലിയ ഉണർവ്വ് ഉണ്ടാകുകതന്നെ ചെയ്യും. ഇങ്ങനെയൊക്കെ വ്യാഖ്യാനിച്ച് തടിതപ്പാം.

പതിന്നാല് വർഷം കഴിയുമ്പോഴും ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ എണ്ണം മൂന്നു ശതമാനത്തിൽ താഴെ ആയിരിക്കും. അന്ന് ഈ കള്ളപ്രവാചകൻമാർ എന്ത് വ്യാഖ്യാനം ഇറക്കും? അതും ഇപ്പോൾത്തന്നെ പറയാം. ദൈവരാജ്യം ശക്തിയോടെ വരുന്നത് കാണുവോളം മരണം ആസ്വദിക്കാത്തവർ ഈ നിൽക്കുന്നവരിൽ ഉണ്ട് എന്ന് കർത്താവ് പറഞ്ഞിരുന്നു. പക്ഷേ അവിടെയുണ്ടായിരുന്ന എല്ലാവരും മരിച്ചിട്ട് അനേക നൂറ്റാണ്ടുകൾ കഴിഞ്ഞു. എന്നിട്ടും ദൈവരാജ്യം വന്നില്ല. എന്തുകൊണ്ട്? മനുഷ്യന്റെ അവിശ്വാസം കൊണ്ട്. ദൈവം മനുഷ്യന് വാഗ്ദത്തങ്ങൾ നൽകുന്നു. മനുഷ്യൻ അത് വിശ്വാസത്താൽ ഏറ്റെടുത്താൽ മാത്രമേ ദൈവപ്രവൃത്തി വെളിപ്പെടുകയുള്ളൂ. തക്ക സമയത്ത് നിവൃത്തിയാകുവാനുള്ള പ്രവചനം ഇന്ത്യയിലെ ദൈവമക്കൾ വിശ്വസിക്കാതിരുന്നതുകൊണ്ട് ഇന്ത്യയിൽ ദൈവപ്രവൃത്തി വെളിപ്പെട്ടില്ല. അതുകൊണ്ടാണ് ഇന്ത്യ ക്രൈസ്തവ രാഷ്ട്രം ആകാതെപോയത്. (പോരേ പൂരം).

ടി.ജെ.ശാമുവേലും മഠത്തിലമ്മയും ഇവരുടെ പിന്നാലെ നടക്കുന്ന സകല വിഡ്ഢികളും ധൈര്യമായി പുൻപോട്ടു പോകുക. എന്തു വിഡ്ഢിത്തവും വിശ്വസിക്കാൻ ഈ സാക്ഷര കേരളത്തിൽ ആളുകളുണ്ട്. അതുകൊണ്ട് നിങ്ങൾക്ക് അഷ്ടിക്കു മുട്ടുവരില്ല. 14 വർഷം ഈ കള്ളപ്രവചനവുമായി വിലസാം. അതുകഴിഞ്ഞ് ഇന്ത്യൻ ക്രിസ്ത്യാനികളുടെ അവിശ്വാസത്തെ പഴിച്ച് തടിതപ്പാം. കുശാൽ. (കേരളത്തിലെ പെന്തക്കോസ്തുകാർ ഇത്ര വിവരമില്ലാത്തവരായല്ലോ).

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ക്രൈസ്തവ സാഹിത്യകാരൻമാർ തങ്ങളുടെ ആശയങ്ങൾ ശക്തവും വ്യക്തവും ആക്കാൻ വേണ്ടി അക്രൈസ്തവ ശൈലികളും പ്രയോഗങ്ങളും സ്വീകരിക്കുന്നത് അഭികാമ്യമോ? (ഉദാ: ബാലികേറാമല, ഭഗീരഥ പ്രയത്നം, ഉർവ്വശീശാപം ഉപകാരം, ഭസ്മാസുരന് വരം കൊടുത്തതുപോലെ, അണ്ണാൻകുഞ്ഞും തന്നാലായത്, കലിയുഗപ്രവണതകൾ ......).

■ ഗൗരവമുള്ള ഒരു പ്രശ്നമാണിത് എന്ന് പ്രാരംഭത്തിൽത്തന്നെ അംഗീകരിക്കുന്നു. അന്യ ദൈവങ്ങൾക്ക് മഹത്വം കൊടുക്കുന്നതോ അന്ധവിശ്വാസം പ്രചരിപ്പിക്കുന്നതോ ആയ ഒന്നും നാം ചെയ്യാൻ പാടില്ല.

എല്ലാ ഭാഷയിലും ചില ശൈലികളും പദപ്രയോഗ രീതികളും മറ്റും ഉണ്ടാകും. അവ ആ ഭാഷ ഉപയോഗിക്കുന്നവരുടെ സംസ്ക്കാരവുമായി ബന്ധപ്പെട്ടതും ആയിരിക്കും. ജാതി മത വ്യത്യാസം കൂടാതെ ഇവ ഉപയോഗിക്കപ്പെടുന്നുമുണ്ട്.

ആദ്യമായി ചില ഇംഗ്ലീഷ് പ്രയോഗങ്ങൾ നോക്കൂ: Trojan horse, Herculean Task, Achilles' heal തുടങ്ങിയവ ഗ്രീക്ക് പുരാണവുമായി ബന്ധപ്പെട്ട പ്രയോഗങ്ങളാണ്. എന്നാൽ, make both ends meet, keep the wolf from the door എന്നൊക്കെയുള്ള പ്രയോഗങ്ങൾക്ക് മതവുമായി ബന്ധമില്ല. രണ്ടു ഗ്രൂപ്പിൽ പെട്ട പ്രയോഗങ്ങളും ക്രൈസ്തവ എഴുത്തുകാർ ഉൾപ്പെടെയുള്ളവർ ഉപയോഗിക്കാറുണ്ട്. മലയളത്തിലെ സ്ഥിതിയും ഏറെക്കുറെ ഇതുതന്നെ.

ഇംഗ്ലീഷിലെ Herculean Taskന് ഏകദേശം തുല്യമായ പ്രയോഗമാണ് ഭഗീരഥ പ്രയത്നം എന്നത്. ബാലികേറാമലയും ഇതിനോടു സാമ്യമുള്ളതാണ്. ഉർവ്വശീശാപം ഉപകാരം എന്നത് A blessing in disguise എന്നതിന് തുല്യമാണ്.

ചോദ്യകർത്താവ് ഉദാഹരണമായി ചൂണ്ടിക്കാട്ടിയ എല്ലാ പ്രയോഗങ്ങളും ഹിന്ദുമതവുമായി ബന്ധമുള്ളതാണ്. ഗ്രഹപ്പിഴ, നല്ലകാലം, കഷ്ടകാലം, ശുക്രദശ, ശനിദശ തുടങ്ങിയവ ജ്യോതിഷവുമായി ബന്ധപ്പെട്ട വാക്കുകളാണ്. ഒന്നിൽ പിഴച്ചാൽ മൂന്നിൽ, ആപത്തു വരുമ്പോൾ കൂട്ടത്തോടെ, ഗ്രഹണസമയത്ത് ഞാഞ്ഞൂലും തലപൊക്കും തുടങ്ങിയവ അന്ധവിശ്വാസവുമായി ബന്ധപ്പെട്ടവയാണ്. മുടിയാൻ നേരത്ത് ചാത്തനേം കയറ്റി, ഭദ്രകാളിയെ പിശാച് പിടിച്ചു എന്നൊക്കെ പറയുന്നത് അന്ധവിശ്വാസം അംഗീകരിക്കുന്നതിന് തുല്യമാണ്. നാവ് പിഴച്ചു എന്നതിന് പകരമായി നാവിൽ വികട സരസ്വതി വിളയാടി എന്ന് വിശ്വാസിക്ക് പറയാമോ? ഇങ്ങനെ ഉദാഹരണങ്ങൾ ഏറെയുണ്ട്.

ഇത്തരം പ്രയോഗങ്ങൾ വിശ്വാസികൾക്ക് ഉപയോഗിക്കാൻ അനുവാദമുണ്ടോ എന്നതാണ് ഇനി പരിശോധിക്കാനുള്ളത്. ഉത്തരം വ്യക്തം: അന്യദൈവങ്ങൾക്ക് മഹത്വം കൊടുക്കുന്നതോ അന്ധവിശ്വാസം പ്രചരിപ്പിക്കുന്നതോ ആയ ഒന്നും വിശ്വാസികൾ ചെയ്യാൻ പാടില്ല. സാത്താനുമായി ഒരുവിധത്തിലുള്ള ബന്ധവും നമുക്ക് ഉണ്ടാകരുത്.

വസ്തുത ഇതാണെങ്കിലും ചില പ്രായോഗിക പ്രശ്നങ്ങൾ ഇവിടെ ഉണ്ട് എന്ന് സമ്മതിക്കാതെ വയ്യ. ഉദാഹരണത്തിന് ഒറ്റ ഇംഗ്ലീഷ് വാക്കുപോലും ഉപയോഗിക്കാതെ ശുദ്ധ മലയാളത്തിൽ മാത്രമേ സംസംസാരിക്കൂ എന്ന് പ്രതിജ്ഞയെടുത്തുനോക്കൂ. ഇംഗ്ലീഷ് വാക്കു പറയാതെ അഞ്ചു മിനിട്ട് സമയം സംസാരിക്കാൻ കഴിയുമോ? മലയാളവാക്ക് എന്ന വ്യാജേന നാം ഉപയോഗിക്കുന്ന ഒട്ടേറെ വാക്കുകൾ ഇംഗ്ലീഷാണ്. ബഞ്ച്, ഡസ്ക്ക്, പെൻസിൽ, ബോർഡ്, റോഡ്, ക്ലാസ്സ്, റേഡിയോ, ഓഫീസ്, സ്പൂൺ, ഫാൻ അങ്ങനെ, 'എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം' ഇംഗ്ലീഷ് തന്നെ. അന്യ ദൈവങ്ങളുമായി ബന്ധപ്പെട്ട വാക്കുകളുടേയും പ്രയോഗങ്ങളുടേയും സ്ഥിതിയും ഇതുതന്നെ.

ഏതു ഭാഷയ്ക്കും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ശൈലികൾ. ആശയങ്ങൾ വ്യക്തവും ശക്തവുമായി അവതരിപ്പിക്കാൻ ഇത് ഏറെ സഹായകമാകുന്നു. പിന്നെയും ശങ്കരൻ തെങ്ങേൽ, നായ്ക്ക് പൊതിയാത്തേങ്ങാ കിട്ടിയതുപോലെ, പട്ടി ചന്തയ്ക്കു പോയതുപോലെ എന്നൊക്കെ പറയുന്നതിനു പകരം വെയ്ക്കാൻ എന്തെങ്കിലുമുണ്ടോ? ഇത്തരം പ്രയോഗങ്ങലിൽ പലതും അന്യ ദൈവങ്ങളുമായി ബന്ധപ്പെട്ടതായിപ്പോയി എന്നത് കഷ്ടംതന്നെ.

യഹൂദരുടെ പഴഞ്ചൊല്ലുകളുടെ സമാഹാരമാണ് സദൃശ്യവാക്യങ്ങൾ. കർത്താവും അപ്പോസ്തലൻമാരും അവരുടെ കാലത്ത് നിലനിന്നിരുന്ന പഴഞ്ചൊല്ലുകളെ ഒരളവോളം ഉപയോഗിച്ചിട്ടുണ്ട്. സൂര്യൻ, ഉപ്പ് എന്നിവയോളം പ്രയോജനമുള്ള രണ്ടു വസ്തുക്കൾ വേറെ ഇല്ല എന്ന റോമൻ പഴഞ്ചൊല്ലുമായി ബന്ധപ്പെടുത്തിയാണ് കർത്താവ് ''നിങ്ങൾ ഭൂമിയുടെ വെളിച്ചമാകുന്നു, നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു'' എന്നു പറഞ്ഞത്. ''ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംഷിക്കുന്നെങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു'' എന്നതും അക്കാലത്തെ പഴഞ്ചൊല്ലുതന്നെ. ഈ വിധത്തിലുള്ള ഒട്ടേറെ ഉദാഹരണങ്ങൾ തിരുവചനത്തിൽ കാണുവാൻ കഴിയും. പക്ഷേ അന്യ ദൈവങ്ങളുമായോ അന്ധവിശ്വാസവുമായോ ബന്ധപ്പെട്ട ഒന്നും കർത്താവോ ശിഷ്യൻമാരോ സ്വീകരിച്ചിട്ടില്ല. അതുതന്നെയാകണം നമ്മുടെ മാതൃക.

ഈ വിഷയത്തിൽ ഡിഫെൻഡറും ഒരളവോളം തെറ്റു ചെയ്യുന്നുണ്ട് എന്ന് സമ്മതിക്കാതെ വയ്യ. ആശയം വ്യക്തവും സരസവുമായി അവതരിപ്പിക്കാൻ ഡിഫെൻഡർ ഉപയോഗിക്കുന്ന പ്രയോഗങ്ങൾ പലപ്പോഴും 'നിരോധിക്കപ്പെട്ട' പട്ടികയിൽ ഉള്ളവായാണ്. പുലബന്ധം എന്ന വാക്ക് നല്ല ഉദാഹരണം. തമ്മിൽ യാതൊരു ബന്ധവുമില്ലാത്തത് എന്നു പറയാനാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. പക്ഷേ ഈ വാക്ക് അന്ധവിശ്വാസവുമായി ബന്ധപ്പെട്ടതാണ്. ഒരു വ്യക്തി മരിച്ചാൽ ആ വ്യക്തിയുടെ കുടുംബാംഗങ്ങൾക്ക് പുല (അശുദ്ധി) ഉണ്ടാകും എന്നാണ് ഹൈന്ദവ വിശ്വാസം. മരിച്ച വ്യക്തിയുമായി അടുത്ത ബന്ധമുള്ളവർക്ക് കൂടുതൽ ദിവസം പുല ഉണ്ടാകും. എന്നാൽ മരിച്ച വ്യക്തിയുമായി ഒരു ബന്ധവുമില്ലാത്തവന് പുല ഉണ്ടാകുകയുമില്ല. പുലബന്ധം പോലും ഇല്ല എന്നു പറഞ്ഞാൽ അശ്ശേഷം ബന്ധമില്ല എന്നർത്ഥം. പുലബന്ധം എന്ന വാക്ക് ഉപയോഗിക്കുന്നവർ പരോക്ഷമായെങ്കിലും പുലയ്ക്ക് അംഗീകാരം നൽകുകയാണ് ചെയ്യുന്നത്.

ബാലികേറാമല എന്ന വാക്ക് പലപ്പോഴും ഡിഫെൻഡർ ഉപയോഗിച്ചിട്ടുണ്ട്. മിക്കവാറും അസാദ്ധ്യമായ സംഗതി എന്നാണ് ഈ പ്രയോഗത്തിന്റെ അർത്ഥം. ഭസ്മാസുരന് വരം കൊടുത്തതുപോലെ എന്ന പ്രയോഗവും ഡിഫെൻഡർ ഉപയോഗിച്ചിട്ടുണ്ട്. താൻ ആരെ തൊട്ടാലും അവൻ ഭസ്മമാകണം എന്ന് വരം വാങ്ങിയ ഭസ്മാസുരൻ വരത്തിന് ശക്തിയുണ്ടോ എന്ന് പരീക്ഷിക്കാനായി വരം കൊടുത്ത ശിവനെ തൊടാൻ ശ്രമിച്ച കഥയാണ് ഈ പ്രയോഗത്തിനു പിന്നിലുള്ളത്.

വീണ്ടും പഴയ ചോദ്യത്തിലേക്ക് മടങ്ങിവരാം. അന്യ ദൈവങ്ങളുമായി ബന്ധപ്പെട്ട ഇത്തരം പ്രയോഗങ്ങൾ നമുക്ക് സ്വീകാര്യമാണോ? അല്ലെന്ന് പറഞ്ഞുകഴിഞ്ഞു. എങ്കിലും ഇത് ഒഴിവാക്കുക എളുപ്പമല്ല എന്നതാണ് വസ്തുത. ഇംഗ്ലീഷ് ഒഴിവാക്കി മലയാളത്തിൽ സംസാരിക്കുന്നതുപോലെ ബുദ്ധിമുട്ടുള്ള പരിപാടിയാണിത്. ഇത്തരം പ്രയോഗങ്ങൾ മലയാള ഭാഷയിൽ വേരുറപ്പിച്ചുകഴിഞ്ഞു എന്നതാണ് കാരണം. ഉപയോഗംകൊണ്ട് ഇവയുടെ ജാതീയസ്വഭാവം മിക്കവാറും ഇല്ലാതായിട്ടുമുണ്ട്. എങ്കിലും ഇവ ഒഴിവാക്കാൻ നാം ശ്രമിക്കണം.

# മോഷണായീചരിതം അവസാനിക്കുന്നില്ല



അവാർഡ് വീരനായ മോഷണായിയെക്കുറിച്ച് ഡിഫെൻഡർ എഴുതാൻ തുടങ്ങിയ കാലത്ത് ഇയാളുടെ തട്ടിപ്പുകളുടെ ചെറിയൊരംശം മാത്രമേ അറിഞ്ഞിരുന്നുള്ളൂ. എന്നാൽ ഈ വിദ്വാൻ ഒന്നാം തരം ഫ്രോഡാണ് എന്ന് സംശയാതീതമായി തെളിയിക്കുന്ന രേഖകൾ ഡിഫെൻഡറിന് ലഭിച്ചുകഴിഞ്ഞു.

താൻ എം.റ്റി.എച്ച് ബിരുദമുള്ളവനാണ് എന്ന് മോഷണായി അവകാശപ്പെടുന്നു. പക്ഷേ എം.റ്റി.എച്ചിന് പഠിക്കുകയും പരീക്ഷയെ ഭയന്ന് പഠിപ്പ് നിർത്തുകയും ചെയ്തു എന്നല്ലാതെ ഇയാൾക്ക് എം.റ്റി.എച്ച് ഇല്ല.

മൂന്നു ഡസനോളം പുസ്തകങ്ങൾ എഴുതിയിട്ടുണ്ടെന്നു പറയുന്ന ഈ ചങ്ങാതിക്ക് തെറ്റു കൂടാതെ ഒരു വാചകം മലയാളത്തിൽ എഴുതാനുള്ള അറിവില്ല. മറ്റുള്ളവരുടെ പുസ്തകങ്ങളും ലേഖനങ്ങളും കോപ്പിയടിച്ച് സ്വന്തം പേരിൽ പ്രസിദ്ധീകരിക്കയാണ് ഇയാൾ ചെയ്യുന്നത്. സാഹിത്യമോഷണവുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങളിൽ ഇയാൾ കുടുങ്ങിയിട്ടുമുണ്ട്. മോഷണായി എന്ന പേര് ലഭിച്ചതുതന്നെ ഈ വിധത്തിലാണ്.

ആദ്യം ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡിൽ ആയിരുന്നു മോഷണായി. പക്ഷേ കാക്കനാട്ട് സഭാശുശ്രൂഷകനായിരിക്കുമ്പോൾ കാട്ടുകൂട്ടിയ ചില കൊള്ളരുതായ്മകൾ നിമിത്തം ആ സംഘടനയിൽ നിന്നും മോഷണായിക്ക് പുറത്തു പോകേണ്ടതായി വന്നു. പിന്നീട് ഐ.പി.സിയിൽ ചേർന്ന മോഷണായി ടി.എസ്. ഏബ്രഹാമിന് അവാർഡ് കൊടുത്തും സ്വന്തം ഭാര്യയെ കെ.സി.ജോണിന് കൊടുത്തും തിരുവല്ല സെന്ററിൽ ഒരു സഭ തരപ്പെടുത്തിയെടുത്തു. പക്ഷേ ഭവനസന്ദർശനത്തിനെന്ന പേരിൽ എത്തി മോഷണായി സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കുന്നത് സ്ഥിരം പരിപാടി ആക്കിയതോടെ തിരുവല്ലയിൽ നിലനിൽപ്പില്ലാതായി. അങ്ങനെ സ്വന്തം അമ്മായിയപ്പനെ അഭയം പ്രാപിച്ചു.

ഇല്ലാത്ത സഭകൾ ഉണ്ടെന്ന് കള്ളക്കണക്കു കാണിച്ച് അമ്മായിയപ്പൻ കരുണാപുരം സെന്റർ എന്നൊരെണ്ണം തട്ടിക്കൂട്ടിയിട്ടുണ്ട്. അതിന്റെ രണ്ടാം സ്ഥാനക്കാരനും സെന്ററിലുള്ള ഒരു സഭയുടെ ശുശ്രൂഷകനുമായി വിലസുകയാണ് മോഷണായി ഇപ്പോൾ. ഏഷ്യയിലെ ഏറ്റവും വലിയ ബൈബിൾ കോളേജ് എന്ന പേരിൽ മോഷണായി ആരംഭിച്ച സ്ഥാപനത്തിന്റെ ബോർഡ് മാത്രമാണ് ഇപ്പോൾ അവശേഷിക്കുന്നത്.

ഏഴു കുട്ടികൾക്ക് കുറെ നോട്ട് ബുക്കുകൾ നൽകിയിട്ട് രണ്ടായിരം കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകി എന്ന് പത്രത്തിൽ വാർത്ത കൊടുത്ത് ജനവഞ്ചന നടത്താനും ഈ നീചന് മടിയുണ്ടായില്ല. ഇയാളുടെ വിക്രിയകളേക്കുറിച്ച് ഒട്ടേറെ റിപ്പോർട്ടുകൾ ഡിഫെൻഡറിന് ലഭിച്ചിട്ടുണ്ട്. അവയെല്ലാം പരിശോധിച്ചുവരുന്നു. കൂടുതൽ വിശദമായ വാർത്തകൾ തുടർന്നുള്ള ലക്കങ്ങളിൽ പ്രതീക്ഷിക്കുക.

# സുരേഷിനെ വിളിക്കാൻ ആളില്ല

സുരേഷ് ബാബുവിന്റെ കാലം അവസാനിക്കുകയാണോ? ആണെന്ന് ഈ കൺവെൻഷൻ സീസൺ തെളിയിക്കുന്നു. ഇക്കൊല്ലം വളരെ കുറച്ച് പ്രോഗ്രാമുകൾ മാത്രമേ സുരേഷിന് ലഭിച്ചിട്ടുള്ളൂ.

പത്തു വർഷം മുൻപ് സുരേഷിന് കൺവെൻഷൻ സീസണിൽ ഒരു ദിവസം പോലും ഒഴിവില്ലാതെ പ്രോഗ്രാം ലഭിച്ചിരുന്നു. പ്രധാന പെന്തക്കോസ്ത് സഭകളുടെ ജനറൽ കൺവെൻഷനുകളിൽ വരെ സുരേഷ് സ്ഥിരം പ്രസംഗകൻ ആയിരുന്നു. പക്ഷേ ആ നല്ലകാലമൊക്കെ പൊയ്പ്പോയി. ഇപ്പോൾ മാസത്തിൽ നാലോ അഞ്ചോ ദിവസം മാത്രമാണ് പ്രോഗ്രാം ലഭിക്കുന്നത്.

ജോയി പുന്നൂസ് ഒഴികെ ആരും ജനറൽ കൺവെൻഷന് സുരേഷിനെ വിളിക്കുന്നില്ല. പണ്ടൊക്കെ മൂന്നും നാലും ദിവസം സുരേഷ് ഒരേ സ്റ്റേജിൽ പ്രസംഗിച്ചിരുന്നു. പക്ഷേ ഇപ്പോൾ കഷ്ടിച്ച് ഒരു ദിവസം മാത്രമേ ലഭിക്കുന്നുള്ളൂ. മാത്രമല്ല, സുരേഷ് വരുന്നു എന്നു കേട്ടാൽ പണ്ടത്തേപ്പോലെ ജനം കൂടുന്നുമില്ല.

ഒരു ശങ്കയുമില്ലാതെ സുരേഷ് കള്ളം പറഞ്ഞിരുന്ന കാലത്ത് ജനം ശരിക്കും ഇളകിയിരുന്നു. പക്ഷേ ഇപ്പോൾ ഇളക്കവും ഇല്ലാതായി. കള്ളം പറഞ്ഞാൽ പിടിക്കപ്പെടും എന്ന ശങ്കമൂലം സുരേഷിന് ഏറെ കള്ളം പറയാൻ കഴിയുന്നില്ല എന്നതാണ് കാരണം. സുരേഷിന്റെ തട്ടിപ്പുകൾ ജനം തിരിച്ചറിഞ്ഞുതുടങ്ങിയിരിക്കുന്നു. അതുകൊണ്ട് ഇനി ഏറെക്കാലം സുരേഷിന് പിടിച്ചുനിൽക്കാൻ ആവില്ല.

# കിലുക്കത്തിലെ ജഗതിയും അറിവില്ലാത്ത ആത്മാവും

കള്ളപ്രവാചകൻമാരുടെ വിക്രിയകൾ എത്ര പറഞ്ഞാലും തീരാത്തത്രയുണ്ട്. അവയിൽ മൂന്നെണ്ണം ഇതാ:

1. സംഭവം നടന്നത് അമേരിക്കയിലാണ്. കേരളത്തിൽ നിന്നുള്ള ഒരു പ്രസംഗകൻ എത്തിയിട്ടുണ്ട്. വെറും പ്രസംഗം കൊണ്ട് ഗുണമില്ലല്ലോ. അതുകൊണ്ട് പ്രവചനവും നടത്തുന്നു. കുറെ സമയം പ്രസംഗിച്ചിട്ട് പ്രസംഗകൻ പ്രവചനത്തിലേക്ക് കടന്നു. പരിചയമുള്ളവരോടൊക്കെ ആദ്യം പ്രവചിച്ചു. അതു കഴിഞ്ഞ് അത്ര പരിചയമില്ലാത്ത ഒരാളുടെ തലയിൽ കൈവെച്ചു. എന്താണ് പറയേണ്ടതെന്ന് രൂപമില്ല. എങ്കിലും എന്തെങ്കിലും പറയാതെ പറ്റില്ലല്ലോ. അതുകൊണ്ട് പ്രവചനം ഈ വിധത്തിലായിരുന്നു:

"മകനേ, നിന്റെ പ്രശ്നങ്ങൾ മുഴുവൻ എനിക്ക് അറിഞ്ഞുകൂടാ. എങ്കിലും അറിയാവുന്ന കാര്യങ്ങളേക്കുറിച്ച് പറയാം''.

2. ഈ സംഭവം നടന്നത് കേരളത്തിലാണ്. ഒരു സഭയിൽ ഉഗ്രൻ ഉപവാസ പ്രാർത്ഥന നടക്കുന്നു. പ്രവാചകനില്ലാതെ എന്ത് ഉപവാസം. അതുകൊണ്ട് ഉശിരൻ ഒരു പ്രവാചകൻ എത്തിയിട്ടുണ്ട്. മേല്പടിയാൻ ചെറിയതോതിൽ ഒരു പ്രസംഗം നടത്തിയിട്ട് മുഖ്യ ഐറ്റമായ പ്രവചനത്തിലേക്ക് കടന്നു.

മര്യാദയ്ക്ക് നടന്നില്ലെങ്കിൽ തട്ടിക്കളയും എന്ന ദൂതാണ് എല്ലാവരോടും പറയുന്നത്. അങ്ങനെ പ്രവചിച്ച് മുന്നേറുന്നതിനിടയിൽ ഒരു സഹോദരന്റെ തലയിൽ കൈവെച്ചു. പതിവ് ഭീഷണി കഴിയുന്നത്ര ശക്തിയിൽ പറഞ്ഞു. പക്ഷേ ആ സഹോദരന് ഒരു ഭാവഭേദവുമില്ല. അത്രയ്ക്കായോ? പ്രവചനം കേട്ടിട്ട് പേടിക്കുന്നില്ലെങ്കിൽ പിന്നെ പ്രവചിക്കുന്നതെന്തിന്? അതുകൊണ്ട് പ്രവാചകൻ അവസാനത്തെ അടവെടുത്തു. ''മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിന്നെ ഞാൻ കിലുക്കത്തിലെ ജഗതിയുടെ സ്ഥിതിയിലാക്കും''.

എന്തു കിലുക്കം? എന്തു ജഗതി? ബൈബിളിലെ ഏതു വാക്യത്തിലാണ് ഈ സംഭവമുള്ളത്? സ്ഥലം സഭയുടെ പാസ്റ്റർക്ക് സംഗതി പിടികിട്ടിയില്ല. എങ്കിലും ടി.വി പരിപാടികൾ സ്ഥിരമായി കാണുന്ന ചില വിശുദ്ധർ സഹായത്തിനെത്തി. കിലുക്കം എന്നത് ഒരു സിനിമയുടെ പേരാണ്. ജഗതി എന്നത് ജഗതി ശ്രീകുമാർ എന്ന നടൻ. ഈ സിനിമയിൽ ജഗതി അവതരിപ്പിക്കുന്ന കഥാപാത്രം എവിടെ ചെന്നാലും പ്രശ്നമാണ്. ധനനഷ്ടം, മാനഹാനി, ദേഹോപദ്രവം, അശുപത്രി അങ്ങനെ പ്രശ്നങ്ങൾ ഒന്നു പിറകെ ഒന്നായി വരുന്നു. മാനസാന്തരപ്പെട്ടില്ലെങ്കിൽ ഈ സ്ഥിതിയിലാകും എന്നാണ് പ്രവാചകൻ പറഞ്ഞത്.

3. ഒരു സഭയിൽ പ്രവാചകൻ വിലസുകയാണ്. യോഗത്തിന് എത്തിയവരോടെല്ലാം അന്യഭാഷയുടെ അകമ്പടിയോടെ പ്രവചിക്കുന്നു. ആകെ നല്ല ഉണർവ്. അതിനിടയിൽ പ്രവാചകൻ ഒരു പാട്ടുപാടി. ''ഡോക്ടർ സാറേ, എന്റെ ഡോക്ടർ സാറേ, എന്റെ രോഗമൊന്നു നോക്കണേ ഡോക്ടർ സാറേ''. ഹൃദയം നിറഞ്ഞു തുളുമ്പിയപ്പോൾ അറിയാതെ സിനിമാപ്പാട്ട് പാടിപ്പോയതാണ്. എന്തിനേറെ പറയുന്നു, സ്ഥലം സഭയുടെ പാസ്റ്റർ ഉടൻതന്നെ വിവരം സെന്റർ പാസ്റ്ററെ അറിയിച്ചു. സെന്റർ പാസ്റ്ററുടെ നിർദ്ദേശപ്രകാരം പ്രവാചകനെ അംഗഭംഗമൊന്നും കൂടാതെ യാത്രയാക്കി.

# സാമച്ചനും മോശമല്ല

ഈ നൂറ്റാണ്ടിന്റെ പ്രവാചകനായ സാമച്ചൻ സുരേഷ് ബാബുവിനെ വെല്ലുന്ന വ്യഭിചാരിയും കള്ളനുമാണെന്ന് സുബോധമുള്ളവർക്കെല്ലാം അറിയാം. ഇയാൾ അടുത്ത കാലത്ത് ഒരു സാധുവിനോട് നടത്തിയ പ്രവചനം ഇപ്രകാരമായിരുന്നു:

സാമച്ചന്റെ പ്രസംഗം കേൾക്കാൻ എത്തിയതാണ് സാധു. സാമച്ചന് സാധുവിനെ പരിചയവുമില്ല. പ്രസംഗം കഴിഞ്ഞ് സാമച്ചൻ പ്രവചനത്തിലേക്ക് കടന്നു. സാമച്ചന് നേരിട്ടറിയാവുന്ന പലരോടും പ്രവചിച്ചു. സ്വാഭാവികമായും അവയൊക്കെ അച്ചട്ടായിരുന്നു. അങ്ങനെ പ്രവചിച്ച് വരുന്നതിനിടയിൽ ഈ സാധുവിന്റെ തലയിൽ കൈവെച്ചു: ''മകനേ, നീ ഡൽഹി, ബോംബെ, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ചുറ്റിയടിച്ചിട്ട് വന്നിരിക്കയാണ്. നീ എവിടെയെല്ലാം പോയാലും ഞാൻ നിന്നെ വിടില്ല. എത്രയും വേഗം മാനസാന്തരപ്പെട്ട് എന്റെ സന്നിധിയിൽ വന്നുകൊള്ളുക''. പ്രവചനം നന്നായിരുന്നു. പക്ഷേ ഒരു പ്രശ്നം: ഈ സാധു കേരളത്തിനു വെളിയിൽ പോയിട്ടേയില്ല.





## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608


## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും

പി.ഐ. ഏബ്രഹാം (കാനം)

ഞാനിത് എഴുതുമ്പോൾ 'ആത്മീയയാത്ര'യെന്ന സുവിശേഷമാസിക എനിക്കു കിട്ടി. സുവിശേഷവയലിൽ വളരെ എളിമയും തനിമയും ആത്മദാഹവും ഉള്ളതായി ഞാൻ ഹൃദയത്തിൽ ബഹുമാനിച്ചിരുന്ന (എനിക്കു തെറ്റുപറ്റിയോ എന്തോ?) ഒരു പ്രിയ സഹോദരൻ, നിന്നനിലയിൽ മലക്കം മറിഞ്ഞു. വേഷവും ഭാവവും ഒക്കെ മാറി. സാമ്പത്തികവിഷയത്തിൽ ഞാൻ ഒന്നും വിധിക്കുന്നില്ല. രഹസ്യങ്ങളറിയുന്ന ദൈവം വിധിക്കട്ടെ. കണ്ണാൽ കാണുന്നതു മാത്രമേ എനിക്കു പറയാൻ അവകാശമുള്ളൂ. തന്റെ മാസികയിൽ, തന്റെ ശുശ്രൂഷയിൽ സൗഖ്യവും ഉദ്ദിഷ്ടകാര്യസിദ്ധിയും ഒക്കെ പ്രാപിച്ചതായി പലരുടെയും സാക്ഷ്യം കണ്ടു. ഞാൻ ചോദ്യം ചെയ്യുന്നില്ല. ഏതു മനുഷ്യനും മനംതകർന്നു നിലവിളിച്ചാൽ, അവന്റെ നിലവാരം നോക്കാതെ കരുണ കാണിക്കുന്നവനാണു ദൈവം. അതെനിക്കറിയാം. പക്ഷെ, പാവങ്ങൾ നന്ദിയുടെ കത്തെഴുതിയപ്പോൾ വിളിച്ചിരിക്കുന്നതു നിങ്ങളൊന്നു കാണണം: ''യോഹന്നാൻ തിരുമേനിക്ക്, യോഹന്നാൻ മെത്രാച്ചന്'' എന്നൊക്കെയാണ്. ഈ ഡിപ്പാർട്ടുമെന്റ് വിട്ടുവന്ന എനിക്ക് ഇതുകണ്ടപ്പോൾ ഒരു ദഹിക്കായ്ക തോന്നി. മാത്രമല്ല, ദൈവവചനവും അത് അനുവദിക്കുന്നില്ല.

ഇന്നത്തെ ആത്മീയ ലോകത്തിൽ സാത്താൻ തന്ത്രപരമായി കടത്തിവിട്ട ഒത്തിരി ചരക്കുകളുണ്ട്. അക്കൂട്ടത്തിൽ ഒന്നാണെന്ന് എനിക്കു തോന്നുന്ന ഡോക്റ്ററേറ്റ്. വിഷയം പഠിച്ച് ആധികാരികമായി തീസിസ് സമർപ്പിച്ച്, സ്റ്റാൻഡേഡുള്ള യൂണിവേഴ്സിറ്റി നൽകുന്ന ഡോക്റ്ററേറ്റ് എനിക്കു മനസ്സിലാകും. ''വിജ്ഞന്മാർ അഭിനന്ദിച്ചേ വിജ്ഞാനം സാധുവായ് വരൂ'' എന്ന പ്രമാണവുമുണ്ട്. എന്നാൽ, ഓണറി ഡ്രിഗ്രിയെന്ന ഓമനപ്പേരിൽ, തോന്നുന്നവർക്കെല്ലാം പണം കൈപ്പറ്റി ബിരുദം കൊടുക്കുകയെന്നു വച്ചാൽ അതു കുറെ കഷ്ടമാണ്.

ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ, എന്റെ സമക്കാരനായ ഒരു ചെറുപ്പക്കാരൻ പുകവലിക്കുകയാണ്. ആള് അല്പം പരിഷ്ക്കാരഭാവിയാണ്. അസ്ഥാനത്തൊക്കെ ഇംഗ്ലീഷ് പദങ്ങൾ പറയുന്നതിൽ വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. അക്കൂട്ടത്തിൽ ഒരു സിഗരറ്റു നീട്ടിക്കൊണ്ടു ഗൗരവത്തിൽ ചോദിച്ചതു ഞാനോർക്കുന്നു. (ഇംഗ്ലീഷിൽത്തന്നെ:) ''മോസ്ക്കുവേണോ!!!?'' ഞാൻ ചിരി ഒതുക്കി. 'Smoke' എന്നതിന്, തന്റെ പരിഭാഷയാണത്. അയാൾക്കും ഒരു ഡോക്റ്ററേറ്റിനുള്ള അർഹതയുണ്ട്.

ഞാൻ എന്റെ പ്രിയ വായനക്കാരോട് ഒരു സത്യം പറയട്ടെ. ഒരു എഴുത്തുകാരനും പ്രസംഗകനുമൊക്കെയായി കുറെപ്പേരെങ്കിലും എന്നെ മാനിക്കുകയും സ്നേഹിക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. അവരെല്ലാവരും കൂടി എനിക്ക് ഒരു 'ഓണററി' ഡിഗ്രി തരാൻ തീരുമാനിച്ചതായി എന്നെ അറിയിച്ചാൽ, ഞാനിങ്ങനെ മറുപടി പറയും: ''നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ, ദൈവത്തെയോർത്ത് എന്നെ ഉപദ്രവിക്കരുതേ.... ഞാൻ കളഞ്ഞ കുപ്പായത്തിന്റെ വിലപോലും ഈ ഡിഗ്രിക്കില്ല.'' വലിയ തുക ദാനം ചെയ്ത ഒരു മനുഷ്യൻ, ഒരു ചെറിയ തുക മോഷണം നടത്തിയതായി ഒന്നു സങ്കല്പിച്ചു നോക്കൂ. കഥയും കഴമ്പുമില്ലാത്ത ഇമ്മാതിരി മരീചികകളുടെ പിറകേ ഓടരുതെന്നാണ് എനിക്ക് ബുദ്ധി ഉപദേശിക്കാനുള്ളത്. തന്നെയുമല്ല, മനഃശാസ്ത്രപരമായിപ്പറഞ്ഞാൽ, വ്യക്തിത്വത്തിനു കഴമ്പില്ലെന്ന കുറ്റബോധമുള്ളവനാണു വേഷത്തിലും പേരിലുമൊക്കെ ഒത്തിരി വച്ചുകെട്ടുകൾ ഏറ്റെടുക്കുന്നത്. ബൈബിളിൽ എവിടെയെങ്കിലും യേശു എം.എ., ബി.ഡി. അഥവാ, പൗലോസ് ഡി.ഡി. ഇങ്ങനെ നാം വായിക്കുന്നില്ല. ജീവിതത്തിലും ഉപദേശത്തിലും അവർക്കു ഘനവും തൂക്കവുമുണ്ട്. ഇന്നു ചില ഡോക്റ്ററേറ്റ് ധാരികളോട്, ചില വിഷയങ്ങൾ ലോകക്കാർ ചോദിച്ചാൽ മറുപടിയില്ല. ചോദിച്ചിട്ടു വരാമെന്ന നിലയാണ്.

ഞാൻ മുൻപ് ഉദ്ധരിച്ച പ്രിയ സ്നേഹിതൻ, ബിഷപ്പായപ്പോൾ മോസ്റ്റ് റവറന്റ് എന്നെഴുതിക്കണ്ടു. ദൈവത്തിനു കൊടുക്കാൻ ഇനി പദമില്ല! കാരണം, സ്നേഹിതൻ Superlative degree എടുത്തു കഴിഞ്ഞു! പട്ടത്വസഭക്കാർക്കും ഈ പറ്റുതന്നെ പറ്റി. പിതാവും പുത്രനും പരിശുദ്ധ റൂഹായും അല്ലാതെ, പരിശുദ്ധനില്ലെന്നു ചൊല്ലിയിട്ട്, ശ്വാസമടങ്ങുന്നതിനു മുൻപു ''പരിശുദ്ധ തിരുമേനി,'' ''പരിശുദ്ധ ബാവാ'' എന്നൊക്കെപ്പറയുന്നു. എന്റെ ദൈവമേ, മനഃസാക്ഷി നഷ്ടപ്പെട്ട കൂട്ടത്തിൽ ഇവരുടെ സുബോധവും നഷ്ടപ്പെട്ടുപോയോ എന്നു ഞാൻ ശങ്കിക്കുന്നു.

ഒരു മതഗുരു ഈയിടെ പത്രങ്ങളിൽ വെളിപ്പെട്ടിരുന്നു. ജീവനകലയുടെ ആചാര്യനാണ്. നല്ലതു തന്നെ. തനിക്കു തന്നിൽത്തന്നെ വിശ്വാസമില്ല. ഒരു ശ്രീ വച്ചിട്ടും പോരാഞ്ഞിട്ടു ശ്രീ ശ്രീ എന്നാണു ചേർത്തിരിക്കുന്നത്. എങ്കിൽ ഒന്നുകൂടി ആകാമായിരുന്നുവെന്ന് എനിക്കു തോന്നി. ശ്രീ ശ്രീ ശ്രീ. എല്ലാം കഥയില്ലായ്മ തന്നെ! ഉടയവൻ മരണ നേരത്തു ദേഹത്തിൽ നിന്നു ദേഹിയെ വേർപിരിക്കുമ്പോൾ, നമുക്ക് ആശ്വാസം നൽകാത്ത യാതൊരു വച്ചുകെട്ടും നമ്മുടെ പക്കൽ ഇല്ലാതിരിക്കുന്നതാണ് നല്ലത്.




മതവിഷയത്തിൽ സാത്താൻ കോടികളെ ചതിക്കുകയാണ്. പൗലോസിന്റെ ഭാഷയിൽ ''സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ജനം ഭജിക്കുക''യാണ്. നിഴലുകളുടെ പിറകേ ജനം ഓടുകയാണ്, ഒടുവിൽ, ഞാൻ തന്നെ ദൈവം (അഹം ബ്രഹ്മാസ്മി) എന്നു തൃപ്തിയടയുകയാണ്. ഞങ്ങളുടെ നാട്ടിൽ ഒരു വ്യക്തിയെപ്പറ്റി ഒരു കഥ കേട്ടിട്ടുണ്ട്. നല്ല തടിമിടുക്കുള്ള ആളാണ്. അയാൾക്ക് ഒരു പോലീസുകാരനാകാൻ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ സാധിച്ചില്ല. ആ നഷ്ടബോധം അയാളിൽ ബാക്കി നിന്നു. അങ്ങനെയിരിക്കെ അവിടെയൊരു നാടകം അരങ്ങേറാനിടയായി. കള്ളനും പോലീസുമൊക്കെ അതിൽ വേണം. ചെറുപ്പക്കാരൻ വിവിരമറിഞ്ഞു. പോലീസിന്റെ റോൾ ആവശ്യപ്പെട്ടു. തനിക്കതു കിട്ടി. വേഷമിട്ടു കയ്യിലൊരു ലാത്തിയും ചുഴറ്റി അയാൾ വേദിയിൽ വന്നു. പക്ഷേ, 'ഓവർ ആക്റ്റാ'ണു ചെയ്തത്. കാരണം, താൻ പോലീസ് അല്ലെന്ന് ഉള്ളിലറിയാം, അതുകൊണ്ട്, ശക്തി കൂട്ടിയാണു കല്പന പുറപ്പെടുവിക്കുന്നത്. മനശാസ്ത്രം പഠിച്ചവർക്ക് അതിന്റെ ആശയമറിയാം. ദൈവമായ യേശു ദാഹിച്ചപ്പോൾ, ശമര്യാസ്ത്രീയോട് ''എനിക്കല്പം വെള്ളം കുടിപ്പാൻ തരുമോ'' യെന്ന് അപേക്ഷാരൂപത്തിൽ സംസാരിച്ചു. യേശുവിന്റെ വേഷം കെട്ടുന്ന ഒരുത്തനാണെങ്കിൽ 'ഓവർ ആക്റ്റ്' ചെയ്യും. ''ഹേ, സ്ത്രീ, കുറെ വെള്ളം കുടിക്കാൻ തരൂ'' എന്നായിരിക്കും അയാളുടെ ഭാഷണം. ഞാൻ ദുഃഖത്തോടെ പറയട്ടെ, ദൈവം മനുഷ്യനായി മരണം വരിച്ചു. പുൽക്കുടിലോളം, മരക്കുരിശോളം, താണു. ആ മാർഗ്ഗമാണു നമ്മെ ഏല്പിച്ചിരിക്കുന്നത്. അതിനു കടകവിരുദ്ധമായ വേഷം കെട്ടലുകളും, 'തിരുമേനീ' വിളികളും പൊൻകുരിശു ചാർത്തലുമൊക്കെ മാറ്റണം. ഞാൻ ഏതുമില്ലായെന്നുള്ള പൗലോസിന്റെ ദർശനം പ്രാപിക്കണം.

എന്റെ വാക്കുകൾ എത്രപേർ സ്വീകരിക്കുമെന്ന് എനിക്കറിഞ്ഞുകൂടാ. അതെനിക്കു വിഷയവുമല്ല. എന്നാൽ, ആ വിഷയത്തിൽ ദർശനം പ്രാപിച്ച ഒരു വ്യക്തിയെന്ന നിലയിൽ എനിക്കു തലമുറയോട് ഒരാഹ്വാനമുണ്ട്. സാക്ഷാൽ രക്ഷകനും ഏക അവതാരവുമായ യേശുക്രിസ്തു കുരിശിൽ മരിച്ചു മാനവരക്ഷയ്ക്ക് ഒരു മാർഗ്ഗം വെളിപ്പെടുത്തിയിരിക്കുകയാൽ, അതിനു വിരുദ്ധമായ മതകർമ്മങ്ങളും അനാചാരങ്ങളും നീക്കം ചെയ്യുകയാണ് ദൈവഹിതം. ഇല്ലെങ്കിൽ എന്തു ഭവിക്കും? സത്യദൈവം ലോകത്തെ ന്യായം വിധിക്കുവാൻ തന്റെ പുത്രനെ ലോകത്തിലേക്കയ്ക്കും. അന്നു ദൈവത്തെ നിഷേധിച്ചവരുടെ കൂട്ടത്തിൽ നാം ശിക്ഷിക്കപ്പെടാൻ ഇടയാകരുത്. മതങ്ങളല്ല ക്രിസ്തുവിലൂടെ വ്യക്തമായ ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാടാണു നമുക്കാവശ്യം. ഹൃദയത്തിൽനിന്നുള്ള ഈ വാക്കുകൾ ചിലർക്കെങ്കിലും നന്മയ്ക്കായി ഭവിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

(അച്ചനോടൊപ്പം എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തതാണ് ഈ ലേഖനം. പുസ്തകം ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ 80 രൂപ മണിയോഡർ അയച്ച് ആവശ്യപ്പെടുക)

**Emmanuel Publications,**
No. (48) 12, West Mada St.,
Nungambakkam, Chennai.
Tamil Nadu - 600 034

Phone: (R) 044-28250887
(O) 044-42174490






# വിശ്വാസപ്രസ്ഥാനം കൾട്ടാണ്

കരിസ്മാറ്റിക്കും അല്ലാത്തതുമായ ക്രിസ്ത്യാനികളെ തരംതിരിച്ചു കാണിക്കുന്നതിന് വിശ്വാസ പ്രസ്ഥാനക്കാരുടെ തെറ്റായ ആശയങ്ങൾ ഉപയോഗിക്കുന്ന അനേകരെ കണ്ടു ഞാൻ മടുത്തിരിക്കുന്നു. ഇത് വിപരീത ഫലം ഉളവാക്കുന്നു എന്നു മാത്രമല്ല ഭിന്നതയും ഉണ്ടാക്കുന്നു. കാരണം വിശ്വാസപ്രസ്ഥാനം ഒരു ഉണർവ്വ് (കാരിസ്മാറ്റിക്) പ്രസ്ഥാനം അല്ല, അത് ഒരു കൾട്ട് സമാന ദുരുപദേശ പ്രസ്ഥാനമാണ്.

സമർപ്പണ മനോഭാവമുള്ള വിശ്വാസികൾക്ക് തങ്ങളുടെ ശുദ്ധ മനസ്സാക്ഷിക്ക് അനുസരിച്ച് നിസ്സാര കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസം ഉണ്ടായേക്കാം. എന്നാൽ ക്രിസ്ത്യാനിത്വത്തിന്റെ കാതലായ വിശ്വാസ സംഹതികളെ കൾട്ടുകളിൽ നിന്ന് വേർതിരിക്കുന്ന കാര്യത്തിൽ ഒരു അഭിപ്രായ വ്യത്യാസം ഉണ്ടാകുക സാദ്ധ്യമല്ല. പ്രത്യേകിച്ച് സത്യ വിശ്വാസത്തിന്റെ അടിസ്ഥാനം, ദൈവത്തിന്റെ സ്വഭാവം, ക്രിസ്തുവിലൂടെയുള്ള രക്ഷ എന്നീ കാര്യങ്ങളിൽ ഐക്യത ഉണ്ടായിരിക്കണം. വിശുദ്ധ അഗസ്തീന്റെ വാക്കുകളിൽ പറഞ്ഞാൽ കാതലായവയിൽ ഐക്യത, അപ്രധാനമായവയിൽ സ്വാതന്ത്ര്യം, എല്ലാ കാര്യങ്ങളിലും അനുകമ്പ ഇതായിരിക്കണം വിശ്വാസിയുടെ ഭാവം.

ചരിത്രപരമായ ക്രിസ്തീയ വിശ്വാസത്തിന്റെ സുപ്രധാന കാര്യങ്ങളിൽ കാരിസ്മാറ്റിക്കും അല്ലാത്തതുമായ വിശ്വാസികൾ ഐക്യത ഉള്ളവരാണ്. അപ്രധാനമായ ക്രിസ്തീയ സിദ്ധാന്തങ്ങളുടെ കാര്യത്തിൽ മാത്രമാണ് അഭിപ്രായ വ്യത്യാസം ഉള്ളത്. അതുകൊണ്ട് തീവ്രമായി ചർച്ചചെയ്യപ്പെടുന്ന വിശ്വാസ സംബന്ധിയായ അപ്രധാനമായ വിഷയങ്ങളിന്മേൽ നാം വിഘടിച്ചുപോകരുത്.

എന്നാൽ വിശ്വാസ പ്രസ്ഥാനത്തെ സംബന്ധിച്ചാകുമ്പോൾ അതിർവരമ്പുകൾ നിർണ്ണയിച്ചേ മതിയാകൂ. നമ്മുടെ മുമ്പാകെ വ്യാജ ക്രിസ്ത്യാനിത്വം അവതരിപ്പിക്കുന്നതിന് വിശ്വാസ പ്രസ്ഥാനക്കാർ ക്രിസ്തീയസത്യങ്ങളെ മന:പൂർവ്വം അട്ടിമറിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് വിശ്വാസപ്രസ്ഥാനക്കാർക്ക് എതിരായ നിലപാടു സ്വീകരിക്കുമ്പോൾ അത് വിശ്വാസികളെ ഭിന്നിപ്പിക്കുകയല്ല യോജിപ്പിക്കുകയാണ് ചെയ്യുന്നത്.

വിശ്വാസപ്രസ്ഥാനത്തെ കരിസ്മാറ്റിക് പ്രസ്ഥാനവുമായി തുലനം ചെയ്യുന്നത് അതീവ ഗുരുതരമായ ഒരു തെറ്റായിരിക്കും. കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ഒരു വ്യാജ അനുകരണമാണ് വിശ്വാസ പ്രസ്ഥാനം. ക്രിസ്തീയ സഭയിലെ വചനാധിഷ്ഠിതമായ കാരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ വേഷം കെട്ടിയ വിശ്വാസ പ്രസ്ഥാനക്കാർ കാരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ പ്രതിഛായക്കു കളങ്കം ചാർത്തുകയാണു ചെയ്യുന്നത്.

അതിലുപരി ദു:ഖകരമായ വസ്തുത കരിസ്മാറ്റിക്കുകാർ അല്ലാത്ത അനേകർ വിശ്വാസ പ്രസ്ഥാന ഗുരുക്കന്മാരുടെ പ്രബോധനങ്ങളെ എടുത്തു കാണിച്ചുകൊണ്ട് കരിസ്മാറ്റിക് പ്രസ്ഥാനം കുത്തഴിഞ്ഞ ഒന്നാണെന്ന് തെളിയിക്കുവാൻ ശ്രമിച്ചിട്ടുണ്ട് എന്നതാണ്. വിശ്വാസ പ്രസ്ഥാന ഗുരുക്കന്മാരുടെ വിലകുറഞ്ഞതും അർത്ഥശൂന്യവുമായ ചില പ്രസ്താവനകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് കരിസ്മാറ്റിക്കുകാരെ അറിവില്ലാത്ത എരിവുകാർ എന്നും അവബോധമില്ലാത്ത അഭിനിവേശക്കാർ എന്നും യാഥാർത്ഥ്യബോധമില്ലാത്ത ശ്രദ്ധാലുക്കൾ എന്നും മുദ്രകുത്താറുണ്ട്. തീർച്ചയായും ഇത്തരം വിശേഷണങ്ങൾ സത്യവിരുദ്ധമാണ്.

ഗോർഡൻ ഫ്രീയെപ്പോലെ മുൻനിരക്കാരനായ ഒരു വേദപണ്ഡിതനെ യാഥാർത്ഥ്യബോധമില്ലാത്ത അഭിനിവേശത്തിന് ഉടമ എന്നു വിളിക്കുവാൻ നാം തയ്യാറാകുമോ? ക്രിസ്ത്യൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകനും ദുരുപദേശത്തിന് എതിരായി സന്ധിയില്ലാ സമരം ചെയ്യുന്നവനും ആയ ഡോക്ടർ വാൾട്ടർ മാർട്ടിനെ അറിവില്ലാത്ത എരിവുകാരൻ എന്നു വിശേഷിപ്പിക്കുവാൻ നമുക്കാകുമോ? കാലിഫോർണിയായിലെ കോസ്റ്റാ മെസായിലുള്ള കാൽവറി ചാപ്പലിലെ പാസ്റ്ററും ആധുനിക കാലത്തിലെ ശക്തമായ ക്രിസ്തീയ പ്രസ്ഥാനത്തിന്റെ സ്ഥാപകനും ആയ ചക് സ്മിത്തിനെ അവബോധമില്ലാതെ അഭിനിവേശക്കാരൻ എന്നു വിശേഷിപ്പിക്കുവാൻ നാം തയ്യാറാകുമോ?



***ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം.***

ഇക്കാലത്തെ തെളിഞ്ഞ ചിന്തകരിൽ പലരും കാരിസ്മാറ്റിക്കുകാരാണ്. അറ്റ്ലാന്റായിലെ (ജോർജ്ജിയ ) മൗണ്ട് പാറാൻ ദൈവസഭയിലെ ഡോക്ടർ പോൾ വാക്കർ ഒർലാന്റോ (ഫ്ളോറിഡാ) കാൽവറി അസംബ്ലിയിലെ ഡോക്ടർ മാർക്ക് റുട്ലാന്റ് ക്രിസ്ത്യൻ റിസർച്ച് ജേണലിന്റെ എഡിറ്ററും ഏ ക്രാഷ് കോഴ്സ് ഓൺ ന്യൂ ഏജ് മൂവ്മെന്റ്, എന്ന കൃതിയുടെ ഗ്രന്ഥകർത്താവും ആയ എലിയട്ട് മില്ലൻ, ഓക്സ്ഫഡ് സെന്റ് ആൽഡേറ്റിന്റെ റെക്ടറും പ്രസിദ്ധ എഴുത്തുകാരനും ആയ മൈക്കിൾ ഗ്രീൻ, ബഹുമാന്യ ദൈവശാസ്ത്രജ്ഞനും കാന്റൺ ബറിയിലെ ആർച്ചുബിഷപ്പുമായ ജോർജ്ജു കാരി എന്നിവർ അവരിൽ ചിലരാണ്.

മാത്രമല്ല വിശ്വാസ പ്രസ്ഥാനത്തിന് എതിരായി ഉണ്ടായ ഏറ്റവും ശക്തമായ വിമർശനങ്ങൾ കാരിസ്മാറ്റിക് പ്രസ്ഥാനത്തിൽ നിന്നായിരുന്നു എന്നതും ശ്രദ്ധേയമാണ് അവയിൽ എടുത്തു പറയത്തക്കവ വാൾട്ടർ മാർട്ടിൻ, ഗോർഡൻ ഫ്രീ, ദാൻ മക് കോണൽ, ചാൾസ് ഫറാ, എലിയട്ട് മില്ലൻ, എച്ച് ടെറിസ് ന്യൂമാൻ ഡെയിൽ, എച്ച് സിമ്മൺസ് എന്നിവരുടെ സംഭാവനകളാണ്.

ഇങ്ങനെയൊക്കെ ആണെങ്കിലും ഏറ്റവും വിനാശകരമായ വസ്തുത കരിസ്മാറ്റിക്കും അല്ലാത്തതുമായ നിരവധി ക്രിസ്ത്യാനികൾ വിശ്വാസ പ്രസ്ഥാനത്തിന്റെ നേതാക്കളെ പുൽകിതാങ്ങുന്നു എന്നതാണ്. വിഷലിപ്തവും തലതിരിഞ്ഞതുമായ വിശ്വാസ പ്രസ്ഥാന ഉപദേശങ്ങളുടെ തനിനിറം മനസ്സിലാക്കുവാൻ കഴിവില്ലാത്ത പൊതുജനങ്ങളുടെ ഇടയിൽ അവയെ പ്രചരിപ്പിക്കുവാൻ വിശ്വാസ പ്രസ്ഥാനക്കാരെ ചോദ്യം ചെയ്യാതെ അനുവദിക്കത്തക്ക നിലയിൽ അവരുടെ സ്വാധീനം ക്രിസ്ത്യാനികൾക്കിടയിൽ പ്രബലമായിതീർന്നിരിക്കുന്നു എന്നത് അവിശ്വസനീയമായ വസ്തുതയാണ്.

ചില ക്രിസ്തീയ പ്രസംഗകർ വിശ്വാസ പ്രസ്ഥാനക്കാരുടെ ദുരുപദേശങ്ങൾ പ്രസിദ്ധീകരിക്കുന്നു എന്നു മാത്രമല്ല അവയെ ന്യായീകരിക്കുകയും ചെയ്യുന്നത് ആശയക്കുഴപ്പം ഉണ്ടാക്കുന്ന വസ്തുതയാണ്. ഇതിനേക്കാൾ വഷളായ മറ്റൊരു കാര്യം റേഡിയോ, ടി.വി. പ്രക്ഷേപകർ, വിശ്വാസപ്രസ്ഥാനക്കാരെ ലക്ഷക്കണക്കായ കേൾവിക്കാരുടേയും കാഴ്ചക്കാരുടേയും മുമ്പിൽ ദിവസവും നിറപ്പകിട്ടോടെ അവതരിപ്പിക്കുവാൻ വെമ്പുന്നു എന്നതാണ്. വിശ്വാസ പ്രസ്ഥാനക്കാരുടെ ദുരുപദേശങ്ങൾ പ്രക്ഷേപണം ചെയ്യുന്നു എങ്കിൽ യൂണിറ്റി സ്കൂൾ ഓഫ് ക്രിസ്ത്യാനിറ്റി, ചർച്ച് ഓഫ് റിലിജിയസ് സയൻസ് എന്നീ കൾട്ടുകളുടെ പരിപാടികളും പ്രക്ഷേപണം ചെയ്യേണ്ടതാണ്.

വർഷങ്ങൾക്കു മുമ്പ് തങ്ങളുടെ ഒരെഴുത്തുകാരൻ ക്രിസ്ത്യാനിത്വത്തെ കൾട്ട് സമാനമായി മാറ്റുവാൻ ശ്രമിച്ചതായി മൂഡി പ്രസ്സിനു മനസ്സിലായപ്പോൾ അവർ ആ പുസ്തകം പിൻവലിക്കുകയാണ് ചെയ്തത്. കുറഞ്ഞത് തൊണ്ണൂറു പുരുഷന്മാരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ശാരീരിക ദുരിതത്തിനു കാരണമായ ആ വ്യക്തിയുടെ പഠിപ്പിക്കലുകളെ പ്രോത്സാഹിപ്പിക്കുന്നതിൽ നിന്ന് മൂഡി പ്രസ്സ് വിവേകപൂർവ്വം പിൻമാറി.

എന്നാൽ ഇന്ന് ബന്നിഹിൻ മുതലായവരുടെ ദുരുപദേശങ്ങളെക്കുറിച്ച് മുന്നറിയിപ്പു കൊടുക്കുമ്പോൾ പല പ്രസാധകരും തങ്ങളെത്തന്നെ ന്യായീകരിക്കുവാനാണ് ശ്രമിക്കുന്നത്.

വിശ്വാസ വീരന്മാർ എവിടെ എന്ന് അത്ഭുതപ്പെടുവാനേ ഒരുവനു കഴിയൂ. ആത്മാർത്ഥതക്കുവേണ്ടി നിലകൊള്ളുന്നവർ ഇക്കാലത്ത് എവിടെ? ഭരണാധിപന്മാരുടെ ആയുധങ്ങൾക്കു മുമ്പിൽ, സിംഹക്കുഴിയിൽ, തീയ്ക്കുമുമ്പിൽ തങ്ങളുടെ വിശ്വാസത്തിനുവേണ്ടി പതറാതെ നിന്ന ആദ്യകാല വിശുദ്ധന്മാരെപ്പോലെയുള്ളവർ എവിടെ? കഴിഞ്ഞകാലങ്ങളിൽ സത്യവിശ്വാസത്തിനുവേണ്ടി ക്രിസ്ത്യാനികൾ തങ്ങളുടെ ജീവനെപ്പോലും ത്യജിച്ചു എങ്കിൽ അതിനുവേണ്ടി നമ്മുടെ സ്ഥാനമാനങ്ങളും പ്രസംഗപീഠങ്ങളും പ്രശസ്തിയും ഉപേക്ഷിക്കുവാൻ നാം തയ്യാറാകേണ്ടതല്ലേ?

വർത്തമാനകാലത്തിൽ ക്രിസ്തീയ മണ്ഡലത്തിൽ നാം പ്രതിസന്ധിയെ നേരിടുകയാണ്. ഇതു കരിസ്മാറ്റിക് ഉണർവ്വുമൂലം ഉണ്ടായതല്ല. മറിച്ച് ക്രിസ്തുവിന്റെ രാജ്യവും കൾട്ടിന്റെ രാജ്യവും തമ്മിൽ ഉള്ള ഒരു ജീവൻ മരണ പോരാട്ടത്തിൽ ആണ് അത് കേന്ദ്രീകരിച്ചിക്കന്നത്.





## ക്രിസ്ത്യാനിത്വം പ്രതിസന്ധിയിൽ

**ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകം ഇപ്പോൾ മലയാളത്തിൽ ലഭിക്കുന്നു.**

**പുസ്തകം ആവശ്യമുള്ളവർ ബന്ധപ്പെടുക.**

വിലാസം:
K.P.Varghese,
Bethel, Njalbhagam, Kaviyoor P.O.
Thiruvalla, Pattabamthitta - 689582
**Ph: 0469-2618764, Mob: 9446505463**

RNI No. 68089 / 97
2007 February 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# നിലവിളക്കു പ്രശ്നവും ചില വസ്തുതകളും

ടി.എസ്.ഏബ്രഹാം നിലവിളക്കു കൊളുത്തി എന്ന വർത്ത പലർക്കും വിശ്വസിക്കാനായില്ല എന്ന് അറിയാൻ കഴിഞ്ഞു. ടി.എസ്.ഏബ്രഹാമിനേപ്പോലൊരാൾ ഒരിക്കലും അങ്ങനെ ചെയ്യില്ലെന്നും ചില തല്പര കക്ഷികൾ വ്യാജവാർത്ത പ്രചരിപ്പിക്കയാണെന്നും മറ്റുമായിരുന്നു ഇത്തരക്കാരുടെ വാദം. പക്ഷേ മനോരമയിൽ ചിത്രം സഹിതം വന്ന വാർത്തയാണിത് എന്ന് വ്യക്തമായതോടെ സംശയക്കാർ അടവ് മാറ്റി. നിലവിളക്കു കൊളുത്തുന്നത് തെറ്റായ നടപടിയല്ല എന്ന് സ്ഥാപിക്കാനായി ശ്രമം. എന്നാൽ ടി.എസ്.ഏബ്രഹാം തന്നെ ഈ നടപടി പെന്തക്കോസ്ത് വിരുദ്ധമെന്ന് സമ്മതിച്ചതോടെ സംശയക്കാരുടെ വായടഞ്ഞു,



കെ.ഇ.ഏബ്രഹാമിന്റെ മകൻ എങ്ങനെ ഇത്തരമൊരു ഹീനകൃത്യം ചെയ്തു എന്നാണ് പലർക്കും മനസ്സിലാകാത്തത്. എന്നാൽ ഇതിൽ അത്ഭുതപ്പെടാൻ ഒന്നുമില്ല എന്നതാണ് വസ്തു ത. കെ.ഇ.ഏബ്രഹാമിന്റെ മകനായതുകൊണ്ട് പെന്തക്കോസ്തുകാരനാകുകയും മറ്റൊന്നും ചെയ്യാൻ അറിഞ്ഞുകൂടാത്തതുകൊണ്ട് പാസ്റ്ററാകുകയും ചെയ്തു എന്നല്ലാതെ വീണ്ടുംജനനം പ്രാപിച്ച വ്യക്തിയല്ല ടി.എസ്.ഏബ്രഹാം. അതുകൊണ്ട് ഏതളവുവരെ തരം താഴാനും ഇയാൾക്ക് ശങ്കിക്കേണ്ടതില്ല.

കെ.ഇ.ഏബ്രഹാമിന്റെ മകൻ എന്ന നിലയിൽ ഹെബ്രോൻപുരത്ത് താമസമാക്കിയ ടി.എസ്.ഏബ്രഹാം ഹെബ്രോൻ ബംഗ്ലാവിനെ വ്യഭിചാരശാലയാക്കി. ബൈബിൾ കോളേജിൽ പഠിക്കാനെത്തിയ പെൺകുട്ടികളിൽ ഭൂരിപക്ഷത്തിനേയും ഇയാൾ തന്റെ ദുഷ്ക്കാമവൃത്തിക്ക് ഇരയാക്കി. ബംഗ്ലാവ് ഡ്യൂട്ടി എന്ന പേരിൽ പെൺകുട്ടികളെ വിളിച്ചു വരുത്തിയാണ് ഇയാൾ കാമകേളിയാടിയത്. കുളത്തൂപ്പുഴക്കാരിയുടെ കഥ അവയിൽ ഒന്നുമാത്രം.

ഒരു ബൈബിൾ മാത്രം കുടുംബസ്വത്തായി ലഭിച്ച ടി.എസ്.ഏബ്രഹാം ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡ് വാങ്ങിയതെങ്ങനെ എന്ന് ഊഹിക്കാവുന്നതേയുള്ളൂ. തെരുവുകുട്ടികളുടെ ചിത്രങ്ങൾ കാട്ടി സായിപ്പൻമാരിൽ നിന്നും പിരിച്ചെടുത്ത കോടികൾ ഉപയോഗിച്ച് ഇയാൾ ഓതറയിൽ റബ്ബർത്തോട്ടം വാങ്ങി.

കസേരയിൽ ഇരുന്നേ ചാകൂ എന്ന വാശിയിലായിരുന്നു ഈ ചങ്ങാതി. പക്ഷേ ഐ.പി.സിയുടെ ഭരണഘടന തടസ്സം നിന്നതുകൊണ്ടു മാത്രം കസേരയിൽ നിന്നും എഴുന്നേറ്റു. പക്ഷേ മകനെ തലപ്പത്ത് ഇരുത്തിയശേഷമായിരുന്നു ഈ വിടവാങ്ങൽ.

അധികാരമില്ലാതായാൽ താൻ വെറും കരിമ്പിൻ ചണ്ടി പോലെയാകും എന്ന് അറിഞ്ഞിരുന്ന ടി.എസ്.ഏബ്രഹാം ഐ.പി.സിയുടെ ഭരണഘടനയിലോ ചരിത്രത്തിലോ ഇല്ലാത്ത സീനിയർ ജനറൽ മിനിസ്റ്റർ എന്നൊരു കസേര സൃഷ്ടിച്ച് അതിൽ ഇരിപ്പായി.

സമുദായങ്ങളിലെ തിരുമേനിമാരേപ്പോലെ തനിക്കും ഒരു തിരുമേനി ആകണമെന്ന ആശ വളരെക്കാലമായി ടി.എസ്.ഏബ്രഹാം കൊണ്ടുനടക്കുകയായിരുന്നു. തിരുമേനിമാരെ വീട്ടിൽ വിളിച്ചു വരുത്തി വരുന്നുകൊടുത്തും കൈകോർത്തു പിടിച്ച് പാട്ടുപാടിയും മറ്റും ആശ്വാസം കൊള്ളുകയും ചെയ്തിരുന്നു. അതിനിടയിലാണ് ബൈബിൾ സൊസൈറ്റിയുടെ കേരള ഘടകത്തിന്റെ പ്രസിഡന്റ് എന്ന പദവി ടി.എസ്. ഏബ്രഹാമിന് ലഭിച്ചത്. അതോടെ ഈ ശുംഭൻ സ്വയം മറന്നു. എന്തോ അപൂർവ്വ നേട്ടം ഉണ്ടാക്കിയ വ്യക്തിയേപ്പോലെ ചിലർ ഇയാളെ അഭിനന്ദിക്കാൻ കൂടി തയ്യാറായതോടെ സ്ഥിതി കൂടുതൽ വഷളായി.

അങ്ങനെയിരിക്കുമ്പോഴാണ് എക്യൂമെനിക്കൽ സമ്മേളനത്തിൽ പങ്കെടുക്കാനുള്ള ക്ഷണം ഈ വിദ്വാന് കിട്ടിയത്. എക്യൂമെനിസത്തിനെതിരായി നിരന്തരം പോരാടിയിരുന്ന കെ.ഇ.ഏബ്രഹാമിന്റെ മകന് എക്യൂമെനിസം സ്വീകാര്യമായി തോന്നി. അങ്ങനെ ഇയാൾ സമ്മേളനത്തിനെത്തി. ഉദ്ഘാടകൻ എത്താതിരുന്നതുകൊണ്ട് നിലവിളക്കു കൊളുത്തുന്ന ജോലിയും കിട്ടി. അത് ഭംഗിയായി ചെയ്തു. സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കുമെന്ന് കേട്ടിട്ടുണ്ട്. പക്ഷേ ഇയാൾ തിരുമേനിമാരെ കണ്ടപ്പോൾ സ്വന്തം അപ്പനെ വരെ മറന്നു.

ആത്മീയമായി ഐ.പി.സി അധപ്പതിച്ചതുകൊണ്ടാണ് ഇയാളേപ്പോലൊരു നീചൻ ഐ.പി.സിയുടെ തലപ്പത്ത് എത്തിയത്. ഈ നീചൻ നിലവിളക്ക് കൊളുത്തിയിട്ടും ഹാലേലൂയ്യാ ഒഴികെ ഒരു പെന്തക്കോസ്ത് പത്രവും പ്രതികരിച്ചില്ല. ഈ പരമ നാ... നല്ലവന്റെ മുഖത്ത് കാറിത്തുപ്പാൻ ഒരു ഐ.പി.സിക്കാരനും ധൈര്യമുണ്ടായതുമില്ല.


## നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

### വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

MP3 ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.
ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം: 100 മണിക്കൂർ.
വില: (ഇന്ത്യയിൽ) ഒരു സി.ഡി. – 100 രൂപ. 10 സി.ഡികൾ: 900 രൂപ.
വിദേശത്ത്: 10 സി.ഡികൾ – US$ 50 or Rs. 2000/- പോസ്റ്റേജ് സൗജന്യം.
(ഗൾഫിലേക്ക് സി.ഡി അയയ്ക്കുന്നത് സുരക്ഷിതമല്ല. അതുകൊണ്ട് ഗൾഫിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയക്കുക).
DVD ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എടുത്ത് പറയേണ്ടതാണ്.
വില T.S.Balan എന്ന പേരിൽ ഡി.ഡി./ചെക്ക്/മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

ഇപ്പോൾ DVD MP3 AUDIO ലഭിക്കുന്നു

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan